നമ്മുടെ അദ്ധ്യാപനങ്ങൾ

മിർസാ ഗുലാം അഹ്മദ്

നമ്മുടെ
അദ്ധ്യാപനങ്ങൾ

Nammude Adhyapanangal
(Malayalam)

Origin:
Hamari Tha'leem

Authur:
Hadrath Mirza Ghulam Ahmad(A)

Translator:
Muhammad Umar H.A

Type Setting:
BRB, Kannur

Published by:
Lajna Imaillah Kerala

First Edition: 1983 Jan.

Second Edition: 2006 July

Copies: 2000

Price: 15 /-

നമ്മുടെ
അദ്ധ്യാപനങ്ങൾ

മിർസാ ഗുലാം അഹ്മദ്

വിവ: മുഹമ്മദ് ഉമർ എച്ച്.എ.

ലജ്‌ന ഇമായില്ലാ കേരള

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്, ജി.എച്ച്.റോഡ്, കോഴിക്കോട്

നമ്മുടെ
അദ്ധ്യാപനങ്ങൾ

അഹ്മദിയ്യാ ബുക്ക് സ്റ്റാൾ,
ജിഎച്ച്.റോഡ്, കോഴിക്കോട് –1
ഫോൺ: 0495 5520733

അഹ്മദിയ്യാ കോംപ്ലക്സ്
ഫോർട്ട് റോഡ്, കണ്ണൂർ–1
ഫോൺ: 0497 2702562

അഹ്മദിയ്യാ മുസ്ലിം ജമാഅത്ത്
സെൻറ് ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചിൻ–18
ഫോൺ: 0484 2393178

പ്രസാധകക്കുറിപ്പ്

സർവ്വശക്തനായ അല്ലാഹു നബികരീം(സ) മുഖേന വാഗ്ദാനം ചെയ്ത മഹ്ദീ മസീഹ്, ഹസ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) രചിച്ച കശ്തിനൂഹ്- നൂഹിന്റെ കപ്പൽ എന്ന പ്രസിദ്ധ ഗ്രന്ഥത്തിലെ ഹമാരീ തഅ്ലീം- നമ്മുടെ അധ്യാപനങ്ങൾ എന്ന അദ്ധ്യായമാണ് ഈ ലഘുകൃതി. Our Teaching എന്ന പേരിൽ ഇംഗ്ലീഷിലും, ഹമാരീ തഅ്ലീം എന്ന പേരിൽ ഉർദുവിലും ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഈ കൃതി മലയാളത്തിലേക്ക് ഭാഷാന്തരം ചെയ്തത്, കേരളത്തിലെ ഇൻചാർജ് മിഷണറിയായി പ്രവർത്തിച്ചുവരുന്ന മൗലാനാ മുഹമ്മദ് ഉമർ സാഹിബ് എച്ച്.എ. അവർകളാണ്. അല്ലാഹു മൗലാനാ അവർകൾക്ക് കൂടുതൽ കൂടുതൽ ദീനീ സേവനത്തിനുള്ള സൗഭാഗ്യം നല്കുകയും എല്ലാ ആളുകൾക്കും ശിക്ഷണരംഗത്ത് ഇതൊരു മുതൽകൂട്ടായിത്തീരുകയും ചെയ്യട്ടെ എന്ന പ്രാർത്ഥനയോടെ ഞങ്ങൾ ഈ ഉപഹാരം സഹൃദയസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

സെക്രട്ടറി, പബ്ലിക്കേഷൻ
സംസ്ഥാന ലജ്ന ഇമയില്ലാഹ്
കേരള

22.7.2006
കോഴിക്കോട്

ഹസ്റത്ത് അഹ്മദ്(അ)

ഹസ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)- (ഹിജ്റ 1250 ശവ്വാൽ 14) 1835 ഫെബ്രുവരി 13 വെള്ളിയാഴ്ച ഖാദിയാനിൽ (പഞ്ചാബ്) ജനിച്ചു; വളരെ ചെറുപ്പം മുതൽതന്നെ ഖുർആൻ പഠനത്തിലും മതപരമായ ചിന്തയിലും നിമഗ്നനായി. അവസാനശ്വാസംവരെ സ്വജീവിതം അനുസ്യൂതം ഖുർആന്റെയും ഇസ്ലാമിന്റേയും പ്രഭാവത്തെ പ്രകാശിപ്പിക്കുന്നതിനും ദൈവമഹത്വത്തെ വെളിപ്പെടുത്തുന്നതിനും വേണ്ടി വിനിയോഗിച്ചു. നീചമായ നിലയിലുള്ള ആക്ഷേപാക്രമണങ്ങൾക്ക് ഇസ്ലാം ലക്ഷീഭവിക്കുകയും അതിനെ നേരിടാനുള്ള മുസ്ലിംകളുടെ പ്രതിരോധശക്തി ക്ഷയിക്കുകയും അവരുടെ മതവിശ്വാസം സന്ദേഹവിതർക്കങ്ങൾക്ക് വിധേയമായി കേവലം ഉപരിപ്ലവം മാത്രമായവശേഷിക്കുകയും ചെയ്ത ഘട്ടത്തിൽ അദ്ദേഹം ഇസ്ലാം ധർമ്മത്തിന്റെ ന്യായസമർത്ഥനത്തിനും അതിന്റെ യഥാർത്ഥ അദ്ധ്യാപനം വിശദീകരണത്തിനുമായിട്ട് ആഗതനായി. ഇസ്ലാം സജീവധർമ്മമാണെന്നും അതിനോടുള്ള തുടർച്ചയും അനുസരണവുംമൂലം മനുഷ്യനു ദൈവവുമായി ബന്ധപ്പെടാനും അവനുമായുള്ള സംഭാഷണസൗഭാഗ്യത്തിനു അർഹനായിത്തീരാനും സാധ്യമാകുമെന്നും സ്ഥാപിച്ചുകൊണ്ട്, 'ബറാഹീനെ അഹ്മദിയ്യ' എന്ന പേരിൽ ഒരു ഗ്രന്ഥപരമ്പര പ്രസിദ്ധം ചെയ്തുതുടങ്ങി. ഖുർആൻ പ്രബോധിക്കുന്ന പാഠങ്ങളും പ്രഖ്യാപിക്കുന്ന നിയമപ്രമാണവും മനുഷ്യനെ ധാർമ്മികമായും മാനസികമായും ആത്മീയമായും ഉയർത്തിക്കൊണ്ടുപോയി പൂർണ്ണതയിലെത്തിക്കുന്നതിന് പര്യാപ്തമാണെന്നു തെളിയിക്കുകയും ചെയ്തു. ഖുർആനിലും ബൈബിളിലുമുള്ള പ്രവചനങ്ങളനുസരിച്ച് തന്നെ വാഗ്ദത്ത മഹ്ദി മസീഹായിട്ട് അല്ലാഹു നിയോഗിച്ചിരിക്കുന്നുവെന്നും അതുകൊണ്ട് തനിക്ക് ബയ്അത്ത്- അനുസരണപ്രതിജ്ഞ ചെയ്യണമെന്നും ലോകത്തോട് അദ്ദേഹം പ്രഖ്യാപിച്ചു. 1889-ൽ സ്വശിഷ്യത്വത്തിലേക്ക് ജനങ്ങളെ സ്വീകരിച്ചുതുടങ്ങി. ഈ പ്രസ്ഥാനം ലോകത്തിന്റെ നാനാഭാഗങ്ങളിലും പ്രചാരണകേന്ദ്രങ്ങളും പള്ളികളും സ്ക്കൂളുകളും ആശുപത്രികളും സ്ഥാപിച്ച് ജനസേവനം തുടർന്നുപോരുന്നു. ഇന്ന് 181 രാഷ്ട്രങ്ങളിൽ അദ്ദേഹത്തിന്റെ മിഷൻ സ്ഥാപിതമായിക്കഴിഞ്ഞു. അദ്ദേഹം 80-ഓളം പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. അധികവും ഉർദുവിലും അറബിയിലും പാർസിയിലുമാണ്. 1908-ലാണ് അദ്ദേഹം സ്വർഗ്ഗപ്രാപ്തനായത്.

മനോദാർഢ്യത്തോടെയുള്ള പക്വമായ കർമ്മങ്ങൾ ഇല്ലാതെ നാവുകൊണ്ടുമാത്രം ബയ്അത്ത്- അനുസരണപ്രതിജ്ഞ ഏറ്റുപറയുന്നതിൽ ഒരു കാര്യവുമില്ലെന്ന് മനസ്സിലാക്കിക്കൊള്ളുക. എന്റെ അദ്ധ്യാപനം പൂർണ്ണമായും പ്രാവർത്തികമാക്കുന്നവനാണ് അല്ലാഹുവിന്റെ വാഗ്ദാനപ്രകാരമുള്ള إِنِّي أُحَافِظُ كُلَّ مَنْ فِي الدَّارِ എന്ന എന്റെ ആ ഭവനത്തിൽ പ്രവേശിക്കുന്നത്. അതായത് (അല്ലാഹു പറഞ്ഞു): നിന്റെ വീടിന്റെ നാലുഭിത്തിക്കുള്ളിലുള്ളവനെ ഞാൻ രക്ഷിക്കുന്നതാണ്. ഇതിൽനിന്ന് കല്ലും മണ്ണുംകൊണ്ട് നിർമ്മിതമായ എന്റെ ഈ വീട്ടിൽ താമസിക്കുന്നവരാണ് അവരെന്ന് മനസ്സിലാക്കരുത്. എന്നെ പരിപൂർണ്ണമായി പിൻപറ്റുന്നവരും എന്റെ ഈ ആത്മീയഭവനത്തിൽ പ്രവേശിച്ചിട്ടുള്ളവരുമാണ് അവർ. തങ്ങൾക്ക് സർവ്വശക്തനും എല്ലാത്തിനേയും നിലനിറുത്തുന്നവനും അനശ്വരനും സർവ്വസ്രഷ്ടാവുമായ ഒരു ദൈവമുണ്ടെന്നും അവൻ തന്റെ സവിശേഷഗുണങ്ങളിൽ ആദ്യന്തരഹിതനും അചഞ്ചലനുമാണെന്നുമുള്ള കാര്യങ്ങൾ ദൃഢമായി വിശ്വസിക്കേണ്ടത് അനുധാവനം ചെയ്യുന്നതിന് നിർബന്ധമായ കാര്യമാകുന്നു. അവൻ ആരുടേയും പുത്രനല്ല, അവനൊട്ടു പുത്രനുമില്ല. ദുഃഖം പേറുന്നതിൽനിന്നും ക്രൂശിക്കപ്പെടുന്നതിൽനിന്നും മരണം വരിക്കുന്നതിൽനിന്നും അവൻ പരിശുദ്ധനാണ്. അവൻ എപ്രകാരമാണെന്നുവെച്ചാൽ ദൂരസ്ഥനായിരിക്കെ സമീപസ്ഥനാണ്. സമീ

പസ്ഥനായിരിക്കെ ദൂരസ്ഥനുമാണ്. ഏകനായിരിക്കെ അവന്റെ ജ്യോതിസ്സുകൾ വിഭിന്നങ്ങളാണ്. മനുഷ്യനിൽ പുതിയ രീതിയിലുള്ള പരിവർത്തനം പ്രകടമാകുമ്പോൾ അവനുവേണ്ടി അവൻ ഒരു പുതിയ ദൈവമായിത്തീരുകയും ഒരു പുതിയ പ്രഭയോടുകൂടി അവനോടു പെരുമാറുകയും ചെയ്യുന്നു. മനുഷ്യൻ തന്നിൽ വരുത്തുന്ന പരിവർത്തനത്തിന്റെ അളവനുസരിച്ച് അവന് ദൈവത്തിലും പരിവർത്തനം ദൃശ്യമാകുന്നു. ഇതിന്നർത്ഥം ദൈവത്തിൽ എന്തെങ്കിലും മാറ്റം വരുന്നുവെന്നല്ല. അവനൊരിക്കലും പരിവർത്തനവിധേയമാകാത്തവനും തികവുറ്റവനുമാണ്. എന്നാൽ, മാനുഷികപരിവർത്തനങ്ങളുടെ നേരത്ത്, മനുഷ്യന്റെ മാറ്റം നന്മകളിലേക്കാകുമ്പോൾ ദൈവവും അവനിൽ പുതിയൊരു ജ്യോതിസ്സോടുകൂടി പ്രകടമാകുന്നു. മനുഷ്യനിൽനിന്ന് പ്രകടമാകുന്ന ഓരോ അഭിവൃദ്ധിഘട്ടത്തിലും ദൈവത്തിന്റെ സർവ്വശക്തമായ ദിവ്യജ്യോതിസ്സും ഒരു അഭിവൃദ്ധിയോടുകൂടി വെളിപ്പെടുന്നു. എവിടെയാണോ അനിതരസാധാരണമായ മാറ്റങ്ങൾ പ്രകടമാകുന്നത് അവിടെ അവൻ അനിതരസാധാരണമായ ശക്തിപ്രഭാവവും കാണിക്കുന്നു. അത്ഭുതസിദ്ധികളുടേയും ദിവ്യദൃഷ്ടാന്തങ്ങളുടേയും ആധാരം ഇതുതന്നെയാണ്. നമ്മുടെ ജമാഅത്തിന്റെ ലക്ഷ്യവും ഈ ദൈവമാകുന്നു. അവനിൽ വിശ്വസിക്കുക. നിങ്ങളുടെ ജീവനെക്കാളും നിങ്ങളുടെ സുഖാഡംബരങ്ങളെക്കാളും നിങ്ങളുടെ എല്ലാ ബന്ധങ്ങളെക്കാളും അവനെ മുന്തിക്കുക. കർമ്മപരമായ നിലയിൽ അവന്റെ വഴിയിൽ ധൈര്യസമേതം സത്യസന്ധതയും വിശ്വസ്തതയും കാണിക്കുക. ജനങ്ങൾ തങ്ങളുടെ ഭൗതികസാമഗ്രികളുടേയും ബന്ധുക്കളുടേയുംമേൽ അവന് മുൻഗണന നല്കുന്നില്ല. എന്നാൽ, ദൈവസന്നിധിയിൽ അവന്റെ ജമാഅത്തെന്ന് എഴുതപ്പെടാൻ നിങ്ങൾ അവനെ മുന്തിക്കുക.

കാരുണ്യത്തിന്റെ അടയാളങ്ങൾ കാണിക്കുകയെന്നത് ദൈവത്തിന്റെ സനാതനമായ ചര്യയാണ്. എന്നാൽ, നിങ്ങൾക്ക്

ഈ ചര്യയിൽ പങ്കാളിയാകാൻ കഴിയുന്നത്, നിങ്ങളും അവനും തമ്മിൽ അകൽച്ച ഇല്ലാതിരിക്കുകയും നിങ്ങളുടെ ഇഷ്ടം അവന്റെ ഇഷ്ടവും നിങ്ങളുടെ ആഗ്രഹങ്ങൾ അവന്റെ ആഗ്ര ഹങ്ങളും ആയിത്തീരുകയും അവനിഷ്ടമുള്ളത് അവൻ ചെയ്യട്ടെ എന്ന ഉദ്ദേശ്യത്തോടെ ഫലസിദ്ധിയിലും പരാജയ ത്തിലും നിങ്ങളുടെ ശിരസ്സ് എപ്പോഴും എല്ലാ അവസ്ഥയിലും അവന്റെ സന്നിധിയിൽ വീണുകിടക്കുമ്പോഴും മാത്രമാണ്. അങ്ങനെ നിങ്ങൾ ചെയ്യുകയാണെങ്കിൽ ദീർഘകാലമായി തന്റെ മുഖം മറച്ചുവെച്ചിരുന്ന ദൈവം നിങ്ങളിൽ വെളിപ്പെടു ന്നതാണ്. ഇപ്രകാരം പ്രവർത്തിക്കുന്നവനും അവന്റെ തൃപ്തി തേടുന്നവനും അവന്റെ വിധിനിയമത്തെ പഴിക്കാത്തവനുമായി നിങ്ങളിലാരെങ്കിലുമുണ്ടോ? അതിനാൽ നിങ്ങൾ വിപത്തുകൾ കണ്ടുകൊണ്ട് പിന്നേയും ചുവട് മുന്നോട്ടുവയ്ക്കുക- ഇത് നിങ്ങളുടെ അഭിവൃദ്ധിയ്ക്കുള്ള മാർഗ്ഗമാണ്. അവന്റെ ഏകത്വം ഭൂമിയിൽ പ്രചരിപ്പിക്കുന്നതിനുവേണ്ടി സകലശക്തിയോടും കൂടി നിങ്ങൾ പരിശ്രമിക്കുക. അവന്റെ അടിയാന്മാരുടെമേൽ കരുണ കാണിക്കുകയും അവരോട് നാവുകൊണ്ടോ കൈകൊണ്ടോ മറ്റേതെങ്കിലും വിധത്തിലോ അക്രമം ചെയ്യാ തിരിക്കുകയും സൃഷ്ടികളുടെ ക്ഷേമത്തിന്നായി കഠിനാധ്വാനം ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുക. തങ്ങളുടെ കീഴിലുള്ള ആരോടും അഹങ്കാരം കാണിക്കാതിരിക്കുക. നിങ്ങളെ ചീത്ത വിളിക്കുന്നവരായിരുന്നാലും നിങ്ങൾ ആരേയും ചീത്തവിളി ക്കരുത്. ദൈവികസവിധത്തിൽ സ്വീകരിക്കപ്പെടുന്നതിനായി, നിങ്ങൾ വിനയാന്വിതരും സൗമ്യരും സദുദ്ദേശ്യരും സൃഷ്ടിക ളോട് സഹതാപമുള്ളവരുമായിത്തീരുക. സൗമ്യത പ്രകടിപ്പി ക്കുന്ന ഒരുപാടാളുകളുണ്ട്. എന്നാൽ, അവർ ഉള്ളിൽ ചെന്നാ യ്ക്കളാണ്. പുറത്ത് ശുദ്ധരും അകത്ത് പാമ്പുകളുമായിട്ടുള്ള നിരവധിയാളുകളുണ്ട്. നിങ്ങളുടെ പുറവും അകവും ഒരു പോലെ ആകാത്തിടത്തോളംകാലം അവന്റെ സന്നിധിയിൽ നിങ്ങൾ സ്വീകരിക്കപ്പെടുകയില്ല. വലിയവരായിരിക്കെ ചെറി യവരോട് കരുണ കാണിക്കുക. അവരെ പുച്ഛിക്കരുത്. പണ്ഡി

തനായിക്കൊണ്ട് അജ്ഞരെ ഉപദേശിക്കുക. അഹംഭാവം കാണിച്ച് അവരെ അപമാനിക്കരുത്. ധനികരായിരിക്കെ ദരിദ്രരെ സേവിക്കുക. പൊങ്ങച്ചം കാണിച്ച് അവരുടെമേൽ അഹങ്കരിക്കരുത്. നാശത്തിന്റെ വഴികളെ പേടിക്കുക. ദൈവത്തെ ഭയപ്പെട്ടുകൊണ്ടിരിക്കുകയും തഖ്‌വ- സൂക്ഷ്മത കൈക്കൊള്ളുകയും ചെയ്യുക. സൃഷ്ടികളെ ആരാധിക്കരുത്. നിങ്ങളുടെ യജമാനന്റെ പിന്നാലെ കൂടുന്നവരായിത്തീരുക. ഭൗതികതയിൽനിന്ന് വിരക്തരാവുകയും അവന്റേതു മാത്രമായിത്തീരുകയും അവനുവേണ്ടിമാത്രം ജീവിക്കുകയും അവനുവേണ്ടി എല്ലാവിധ മാലിന്യങ്ങളേയും പാപങ്ങളേയും വെറുക്കുകയും ചെയ്യുക. കാരണം അവൻ പരിശുദ്ധനാണ്. നിങ്ങൾ ഭയഭക്തിയോടുകൂടി രാത്രി കഴിച്ചുകൂട്ടിയെന്ന് ഓരോ പ്രഭാതവും നിങ്ങൾക്കായി സാക്ഷി പറയട്ടെ. നിങ്ങൾ പേടിച്ച് പേടിച്ച് പകൽ കഴിച്ചുകൂട്ടിയെന്ന് ഓരോ പ്രദോഷവും നിങ്ങൾക്കായി സാക്ഷി പറയട്ടെ.

നോക്കിക്കൊണ്ടിരിക്കെ അപ്രത്യക്ഷമാകുന്ന ധൂമപടലങ്ങളെപോലുള്ള നിന്ദാവചനങ്ങളെ നിങ്ങൾ ഭയക്കരുത്. പകലിനെ രാത്രിയാക്കാൻ അതിന് സാധ്യമല്ല. ആകാശത്തിൽനിന്നിറങ്ങുന്ന ദൈവശാപത്തെ നിങ്ങൾ ഭയപ്പെടുക. ആരിലാണോ അത് പതിക്കുന്നത് ഇരുലോകത്ത്നിന്നും അത് അവനെ ഉന്മൂലനം ചെയ്യുന്നു. കപടനാട്യം കൊണ്ട് നിങ്ങൾക്ക് നിങ്ങളെ രക്ഷിക്കാൻ സാധ്യമല്ല. എന്തുകൊണ്ടെന്നാൽ മനുഷ്യന്റെ അന്തർഭാഗംവരെ നിങ്ങളുടെ ദൈവമായ ആ ദൈവത്തിന്റെ ദൃഷ്ടിയുണ്ട്. നിങ്ങൾക്കവനെ വഞ്ചിക്കാൻ സാധിക്കുമോ? അതിനാൽ, നിങ്ങൾ നേരെയാവുകയും പവിത്രരും പരിശുദ്ധരും നിഷ്ക്കളങ്കരുമായിത്തീരുകയും ചെയ്യുക. അണുമാത്ര അന്ധകാരം നിങ്ങളിൽ അവശേഷിക്കുന്നെങ്കിൽ നിങ്ങളുടെ സകല വെളിച്ചവും അതകറ്റിക്കളയുന്നതാണ്. നിങ്ങളുടെ ഏതെങ്കിലും ഭാഗത്ത് അഹങ്കാരമോ നാട്യമോ പൊങ്ങച്ചമോ

അലസതയോ ഉണ്ടെങ്കിൽ നിങ്ങൾ സ്വീകാരാർഹരാകുകയില്ല. അല്പം ചില കാര്യങ്ങൾ ചെയ്തുകൊണ്ട് ചെയ്യേണ്ടതെല്ലാം ചെയ്തിരിക്കുന്നുവെന്നു കരുതി സ്വയം വഞ്ചിതരാകരുത്. കാരണം, നിങ്ങളുടെ അസ്തിത്വത്തിൽ സമ്പൂർണ്ണമായ പരിവർത്തനം ഉണ്ടാകണമെന്ന് ദൈവം ആഗ്രഹിക്കുകയും നിങ്ങളിൽനിന്ന് ഒരു മരണം ആവശ്യപ്പെടുകയും ചെയ്യുന്നു. അതിനുശേഷം അവൻ നിങ്ങളെ ജീവിപ്പിക്കുന്നതാണ്. അതിനാൽ നിങ്ങൾ എത്രയുംവേഗം പരസ്പരം ഐക്യപ്പെടുകയും നിങ്ങളുടെ സഹോദരങ്ങളുടെ തെറ്റുകുറ്റങ്ങൾ പൊറുത്തുകൊടുക്കുകയും ചെയ്യുക. എന്തുകൊണ്ടെന്നാൽ തന്റെ സഹോദരനുമായി ഐക്യത്തിനിഷ്ടപ്പെടാത്ത മനുഷ്യൻ ദുഷ്ടനാണ്. അവൻ മുറിച്ചുനീക്കപ്പെടും. കാരണം അവൻ ഭിന്നിപ്പുണ്ടാക്കുന്നു. നിങ്ങൾ നിങ്ങളുടെ ഇന്ദ്രിയാശകളെ എല്ലാ വശത്തൂടെയും ഉപേക്ഷിക്കുകയും പരസ്പരമുള്ള വെറുപ്പ് കൈവെടിയുകയും ചെയ്യുക. നിങ്ങൾ പൊറുക്കപ്പെടുന്നവരാകുന്നതിനുവേണ്ടി സത്യവാനായിക്കൊണ്ട് വ്യാജനെപ്പോലെ വിനയം കൈക്കൊള്ളുക. ഏതൊരു വാതിലിലൂടെ നിങ്ങൾ വിളിക്കപ്പെടുമോ അതിലൂടെ കടക്കാൻ വണ്ണമുള്ള ഒരു മനുഷ്യന് സാധ്യമല്ലാത്തതിനാൽ ശരീരേച്ഛകളുടെ വണ്ണം ഉപേക്ഷിക്കുക.

ദൈവത്തിന്റെ വായിൽനിന്ന് പുറപ്പെടുകയും ഞാൻ വിവരിക്കുകയും ചെയ്ത ഇക്കാര്യങ്ങളെ അംഗീകരിക്കാത്ത മനുഷ്യൻ എത്രമാത്രം നിർഭാഗ്യനാണ്. ആകാശത്തിൽ അല്ലാഹു നിങ്ങളെ തൃപ്തിപ്പെടണമെന്നു ആഗ്രഹിക്കുന്നുവെങ്കിൽ ഒരമ്മപെറ്റ മക്കളെപ്പോലെ നിങ്ങൾ ഐക്യത്തിൽ വർത്തിക്കുവിൻ. സ്വന്തം സഹോദരന്റെ തെറ്റുകുറ്റങ്ങൾ അധികമായി പൊറുത്തുകൊടുക്കുന്നതാരോ അയാളാണ് നിങ്ങളിൽ ഏറ്റവും ആദരണീയൻ. കടുംപിടിത്തം പിടിക്കുകയും പൊറുത്തുകൊടുക്കാതിരിക്കുകയും ചെയ്യുന്നവൻ അങ്ങേയറ്റം ഭാഗ്യം കെട്ടവനത്രെ. അതിനാൽ, അവനു ഞാനുമായി ഒരു ബന്ധവുമില്ല.

ദൈവത്തിന്റെ ശാപത്തെത്തൊട്ടു വളരെ ഭയമുള്ളവരായിരിക്കുവിൻ! അവൻ പരിശുദ്ധനും അഭിമാനിയുമത്രെ. ദുർവൃത്തൻ ദൈവസാമീപ്യം ആർജ്ജിക്കുകയില്ല. അഹങ്കാരി ദൈവത്തിന്റെ സായൂജ്യം നേടുകയില്ല. അക്രമി അവന്റെ സാമീപ്യം സമ്പാദിക്കുകയില്ല. വഞ്ചകൻ അവന്റെയടുക്കൽ സ്ഥാനം കരസ്ഥമാക്കുകയില്ല. അവന്റെ നാമത്തിൽ അഭിമാനം കൊള്ളാത്തവരാരുംതന്നെ അവന്റെ സാമീപ്യം കൈവരിക്കുകയില്ല. ഭൗതീകാഡംബരങ്ങളിലാകർഷനായിക്കൊണ്ട് ഈ പ്രപഞ്ചാനുരാഗത്തിലേക്ക് ശ്വാക്കളേയും ഉറുമ്പുകളേയും കഴുകന്മാരേയും പോലെ വീഴുന്നവരും ദൈവസാമീപ്യം കരസ്ഥമാക്കുകയില്ല. അവിശുദ്ധമായ എല്ലാ കണ്ണുകളും അവനിൽനിന്ന് ദൂരത്താണ്. എല്ലാവിധ അവിശുദ്ധഹൃദയങ്ങളും അവനിൽനിന്ന് അജ്ഞാതമാകുന്നു. അവനുവേണ്ടി അഗ്നിയിൽ വീഴുന്നവൻ അഗ്നിയിൽനിന്ന് രക്ഷിക്കപ്പെടും. അവനുവേണ്ടി കരയുന്നവൻ ചിരിക്കും. അവനുവേണ്ടി ദുൻയാവിനോടുള്ള ബന്ധം വിടുന്നവനു അത് ലഭിക്കും. നിങ്ങൾ സത്യഹൃദയത്തോടും പൂർണ്ണമായ വിശ്വസ്തതയോടും തീവ്രയത്നത്തോടുംകൂടി ദൈവത്തിന്റെ സ്നേഹിതരായിത്തീരുക. എന്നാൽ, അവൻ നിങ്ങളുടെ ചങ്ങാതിയായി മാറും. നിങ്ങൾ നിങ്ങളുടെ ആശ്രിതരോടും നിങ്ങളുടെ ഭാര്യമാരോടും നിങ്ങളുടെ പാവപ്പെട്ട സഹോദരങ്ങളോടും കാരുണ്യം കാട്ടുവിൻ! എന്നാൽ, ആകാശത്തിൽ നിങ്ങളോടും കരുണചെയ്യപ്പെടും. അവനും നിങ്ങളുടേതായിത്തീരുന്നതിനുവേണ്ടി നിങ്ങൾ തീർത്തും അവന്റേതായിത്തീരുവിൻ. ദുൻയാവ് ആയിരക്കണക്കിന് ആപത്തുകളുടെ സങ്കേതമാണ്. അതുകൊണ്ട് നിങ്ങൾ സത്യസന്ധതയോടെ അല്ലാഹുവിനോട് താണുകേണ് വിലപിക്കുക- അവൻ ഈ ആപത്തുകൾ നിങ്ങളിൽനിന്ന് അകറ്റിവെയ്ക്കുന്നതിനുവേണ്ടി. ആകാശത്തുനിന്ന് കല്പന ഉണ്ടാകാത്തിടത്തോളം കാലം ഭൂമിയിൽ ഒരാപത്തും ഉണ്ടാകുകയില്ല. ആകാശത്തുനിന്ന് കാരുണ്യം ഇറങ്ങാത്തിടത്തോളംകാലം ഒരാപത്തും അക

ലുകയില്ല. അതിനാൽ ശാഖയെ പിടിക്കാതെ അടിവേരിനെ പിടിക്കുന്നതിലാണ് നിങ്ങളുടെ ബുദ്ധി. മരുന്നുകളേയും ഉപായങ്ങളേയും പ്രയോജനപ്പെടുത്തുന്നതിന് നിങ്ങൾക്ക് വിരോധമില്ല. എന്നാൽ അവയിൽ സർവ്വവും ഭരമേല്പിക്കുന്നതിലാണ് വിരോധമുള്ളത്. അവസാനം ദൈവം നിശ്ചയിച്ചതായിരിക്കും സംഭവിക്കുക. ആർക്കെങ്കിലും ശക്തിയുണ്ടെങ്കിൽ, അല്ലാഹുവിൽ സർവ്വതും ഭരമേല്പ്പിക്കുന്ന സ്ഥാനമാണ് എല്ലാ സ്ഥാനത്തേക്കാളും ഉയർന്നുനില്ക്കുന്നത്.

വിശുദ്ധഖുർആന് ബഹുമാനം നല്കുന്നവർ ആകാശത്തിൽ ബഹുമാനിക്കപ്പെടും

നിങ്ങൾക്കായുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു പാഠമിതാണ്. പിൻപുറം തള്ളിക്കളഞ്ഞ ഒരു ഗ്രന്ഥത്തെപ്പോലെ നിങ്ങൾ വിശുദ്ധഖുർആനെ തള്ളിക്കളയരുത്. കാരണം നിങ്ങളുടെ ജീവിതം അതിലാണ് നിലകൊള്ളുന്നത്. ആരാണോ വിശുദ്ധ ഖുർആന് ബഹുമാനം നല്കുന്നത് അവർ ആകാശത്തിൽ ബഹുമാനിക്കപ്പെടും. ആരാണോ എല്ലാ ഹദീസുകളെക്കാളും എല്ലാ വാക്കുകളെക്കാളും വിശുദ്ധഖുർആനെ മുന്തിക്കുന്നത് അവർ ആകാശത്തിൽ മുന്തിക്കപ്പെടും. മനുഷ്യകുലത്തിന് ഭൂമിലോകത്ത് വിശുദ്ധഖുർആനല്ലാതെ മറ്റൊരു ഗ്രന്ഥവുമില്ല. ആദംസന്തതികൾക്ക് മുഹമ്മദുമുസ്തഫാ(സ) തിരുമേനിയല്ലാതെ ഒരു റസൂലോ ശിപാർശക്കാരനോ ഇല്ല. അതിനാൽ ഈ പ്രതാപശാലിയായ നബിയോട് നിങ്ങൾ ഹൃദയംഗമമായ സ്നേഹം പുലർത്താൻ ശ്രമിക്കുക. മറ്റൊരാളിലും അവിടത്തെക്കാൾ ശ്രേഷ്ഠത്വം കല്പിക്കരുത്- ആകാശത്തിൽ നിങ്ങൾ മോക്ഷം പ്രാപിച്ചവരെന്ന് എഴുതപ്പെടുന്നതിനുതന്നെ. മോക്ഷം എന്നത് മരിച്ചശേഷം മാത്രം വെളിവാകുന്ന എന്തോ ഒന്നല്ലെന്ന് ഓർത്തുകൊൾവിൻ. മറിച്ച്, യഥാർത്ഥമായ മോക്ഷം ഈ ലോകത്തുവെച്ചുതന്നെ അതിന്റെ വെളിച്ചം കാട്ടുന്നതാകുന്നു. ആരാണ് മോക്ഷം പ്രാപിച്ചവൻ? ദൈവം സത്യമാണെന്നും മുഹമ്മദുനബി(സ) ആ ദൈവത്തിന്റേയും മുഴുവൻ സൃഷ്ടി

ജാലത്തിന്റേയും ഇടയിലുള്ള ശിപാർശക്കാരനാണെന്നും ആകാശത്തിനുകീഴിൽ അവിടത്തെ പദവിയിലുള്ള മറ്റൊരു നബിയും ഇല്ലെന്നും ഖുർആനു കിടനില്ക്കുന്ന മറ്റൊരു ഗ്രന്ഥമില്ലെന്നും അല്ലാഹു ആരേയും ചിരഞ്ജീവിയാക്കാൻ ഉദ്ദേശിച്ചിട്ടില്ലെങ്കിലും ഈ വരിഷ്ഠനായ നബി കാലാകാല ത്തേക്കും ജീവിച്ചിരിക്കുന്നതിനുവേണ്ടി അവിടത്തെ ശരീഅ ത്തോടുകൂടി ആത്മീയപിന്തുടർച്ച ഖിയാമത്തുന്നാൾവരെ നില നില്ക്കുന്നതിനുള്ള അടിത്തറ അല്ലാഹു ഇട്ടിരിക്കുന്നുവെന്നും, ഒടുവിലായി അവിടത്തെ ആത്മീയ അനുഗ്രഹപ്രാപ്തി മുഖേന ഇസ്ലാമികസൗധത്തിന്റെ സമ്പൂർത്തീകരണത്തിനായി ഈ വാഗ്ദത്ത മസീഹിനെ ലോകത്തേക്ക് അയച്ചിരിക്കുന്നുവെന്നും ദൃഢമായി വിശ്വസിക്കുന്നവനത്രെ മോക്ഷം പ്രാപിച്ചവൻ. മൂസവി സമുദായത്തിന് നല്കപ്പെട്ടിരുന്നതുപോലെ മുഹമ്മദീ സമുദായത്തിനും ആത്മീയമായരീതിയിൽ ഒരു മസീഹ് നല്കപ്പെടുന്നതുവരെ ഈ ലോകം അവസാനിക്കാതിരി ക്കേണ്ടത് നിർബന്ധമായിരുന്നു. അതിലേക്കാണ് اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ എന്ന ഖുർആ നിക വചനം സൂചന നല്കുന്നത്.

പൂർവ്വികർ നഷ്ടപ്പെടുത്തിക്കളഞ്ഞ ആത്മീയഭൂസ്വത്ത് മൂസാ(അ)ന് ലഭിച്ചു. മൂസാ(അ)ന്റെ സമുദായം നഷ്ടപ്പെടുത്തി ക്കളഞ്ഞ ആ സ്വത്ത് ഹസ്റത്ത് മുഹമ്മദ്(സ) പ്രാപിച്ചു. ഇപ്പോൾ മുഹമ്മദീസമുദായം മൂസവിസമുദായത്തിന്റെ പ്രതി നിധിയാണ്. എന്നാൽ, പ്രൗഢിയിൽ അത് ആയിരക്കണക്കിന് പടി മീതെയാണ്. മൂസായുടെ സദൃശൻ മൂസായെക്കാൾ ഉന്ന തനും ഇബ്നുമർയമിന്റെ സദൃശൻ ഇബ്നുമർയമിനെക്കാൾ ഉന്നതനുമാണ്. മസീഹ് ഇബ്നുമർയം മൂസായ്ക്കുശേഷം പതി നാലാം നൂറ്റാണ്ടിൽ വെളിപ്പെട്ടതുപോലെ ആ വാഗ്ദത്ത മസീഹ് കാലത്തിന്റെ അടിസ്ഥാനത്തിൽ നബി(സ) തിരുമേനിയ്ക്കു ശേഷം 14-ാം നൂറ്റാണ്ടിൽ വെളിപ്പെട്ടുവെന്നു മാത്രമല്ല, മസീഹ്

ഇബ്നുമർയം അവതരിച്ച കാലത്ത് യഹൂദികളുടെ അവസ്ഥ എത്തരത്തിലായിരുന്നുവോ അതുപോലെ മുസ്‌ലിംകളുടെ അവസ്ഥയുമായിത്തീർന്നപ്പോൾ അയാൾ വന്നു. അത് ഞാൻ തന്നെയാകുന്നു. അതുകൊണ്ട് ആരാണോ എനിക്ക് സത്യസന്ധമായി ബയ്അത്ത് ചെയ്യുന്നത്, സത്യഹൃദയത്തോടെ എന്റെ ശിഷ്യനായിത്തീരുന്നത്, എന്റെ അനുസരണത്തിൽ ലയിച്ചുകൊണ്ട് തന്റേതായ എല്ലാ ആഗ്രഹങ്ങളും ഉപേക്ഷിക്കുന്നത് അവനുവേണ്ടി എന്റെ ആത്മാവ് ഈ വിപത്തുകളുടെ നാളുകളിൽ ശിപാർശ ചെയ്യുന്നതാണ്.

എന്റെ ജമാഅത്തിലുള്ളവരോട്

എന്റെ ജമാഅത്തിൽപ്പെട്ടവാരണെന്ന് വിചാരിക്കുന്ന അല്ലയോ ജനങ്ങളേ, ഭയഭക്തിയുടെ വഴിയിൽ ചലിക്കുമ്പോൾ മാത്രമേ നിങ്ങൾ എന്റെ ജമാഅത്തിൽപ്പെട്ടവരായി ഗണിക്കപ്പെടുകയുള്ളൂ. അതുകൊണ്ട് നിങ്ങൾ അഞ്ചുനേര നമസ്കാരങ്ങളെ അല്ലാഹുവിനെ കാണുന്നുണ്ടെന്നോണം ദൈവഭയത്തോടും മനസ്സാന്നിധ്യത്തോടുംകൂടി അനുഷ്ഠിക്കുവിൻ. നിങ്ങളുടെ നോമ്പുകളെ അല്ലാഹുവിനുവേണ്ടി സത്യഹൃദയത്തോടെ പൂർത്തിയാക്കുവിൻ. സക്കാത്ത് കൊടുക്കാൻ അർഹരായവർ സക്കാത്ത് കൊടുക്കുവിൻ. ഹജ്ജ് നിർബന്ധമായി കഴിഞ്ഞിട്ടുള്ളവർ തടസ്സങ്ങൾ ഒന്നും ഇല്ലെങ്കിൽ ഹജ്ജ് ചെയ്യുവിൻ. നന്മകൾ, അതിനോടു ഇഷ്ടം തോന്നുമാറ് അനുവർത്തിക്കുകയും തിന്മകൾ അതിനോട് വെറുപ്പ് തോന്നുംവിധം കൈവെടിയുകയും ചെയ്യുവിൻ. ഭക്തിശൂന്യമായ ഒരു കർമ്മവും ദൈവത്തോളം എത്തുകയില്ലെന്ന് നിങ്ങൾ ഓർത്തുകൊള്ളുവിൻ. എല്ലാ നന്മകളുടേയും വേര് ഭയഭക്തിയാകുന്നു. ഏതൊരു കർമ്മത്തിൽ ഈ വേര് നഷ്ടപ്പെടുന്നില്ലയോ ആ കർമ്മം നശിച്ചുപോകുന്നതല്ല. പണ്ട് സത്യവിശ്വാസികൾ പരീക്ഷിക്കപ്പെട്ടതുപോലെ നിങ്ങളും പലവിധ കഷ്ടപ്പാടുകളാലും പ്രതികൂല സാഹചര്യങ്ങളാലും പരീക്ഷിക്കപ്പെടേണ്ടത് ആവശ്യമാകുന്നു. നിങ്ങൾ കാലിടറിപ്പോകാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുവിൻ.

ആകാശവുമായി നിങ്ങൾക്ക് അടുത്തബന്ധമുണ്ടെങ്കിൽ നിങ്ങൾക്ക് ഒരു ദോഷവും വരുത്താൻ ഭൂമിക്കാവില്ല. നിങ്ങൾക്ക് വല്ല നഷ്ടവും ഏൽക്കുന്നുവെങ്കിൽ അത് നിങ്ങളുടെതന്നെ കൈകൾ കൊണ്ടുള്ളതായിരിക്കും. ശത്രുക്കളുടെ കൈകളാലായിരിക്കുകയില്ല. നിങ്ങളുടെ എല്ലാ ബഹുമാനങ്ങളും നഷ്ടമായിക്കൊണ്ടിരുന്നാലും ശാശ്വതമായ കീർത്തി നിങ്ങൾക്ക് സ്വർഗ്ഗലോകത്ത് ദൈവം നല്കും. അതുകൊണ്ട് നിങ്ങൾ അവനെ ഉപേക്ഷിക്കരുത്. നിങ്ങൾക്ക് പലതരം വിഷമതകൾ സഹിക്കേണ്ടിവരികയും നിങ്ങളുടെ ഒരുപാട് പ്രതീക്ഷകൾക്ക് ഭാഗ്യം കണ്ടെത്താൻ കഴിയാതെ വരികയും ചെയ്താലും നിങ്ങൾ ദുഃഖിക്കാതിരിക്കുവിൻ. എന്തുകൊണ്ടെന്നാൽ, നിങ്ങളുടെ ദൈവം അവന്റെ മാർഗ്ഗത്തിൽ നിങ്ങൾ ഉറച്ചുനില്ക്കുന്നവരാണോ അല്ലേ എന്ന് പരീക്ഷിക്കുകയാണ്. ആകാശത്തിൽ മലക്കുകളാൽ ബഹുമാനിക്കപ്പെടണമെന്ന് നിങ്ങളാഗ്രഹിക്കുന്നെങ്കിൽ നിങ്ങൾ മർദ്ദിക്കപ്പെടുമ്പോഴും ആഹ്ലാദം കൊള്ളുവിൻ. ശകാരവാക്കുകൾ കേൾക്കുമ്പോൾ നിങ്ങൾ നന്ദിയുള്ളവരായിരിക്കുവിൻ. പരാജയങ്ങൾ കാണുമ്പോൾ ബന്ധം വിച്ഛേദിക്കാതിരിക്കുവിൻ. നിങ്ങൾ അല്ലാഹുവിന്റെ അവസാനത്തെ ജമാഅത്താണ്. അതുകൊണ്ട് പരിപൂർണ്ണമായ പദവിയിലുള്ള സൽക്കർമ്മങ്ങൾ കാഴ്ചവെക്കുവിൻ. നിങ്ങളിൽ മടിയന്മാരാകുന്ന ഓരോരുത്തരും, വൃത്തികെട്ടവസ്തുവിനെപ്പോലെ ജമാഅത്തിൽനിന്ന് പുറത്തേക്കെറിയപ്പെടുകയും നിരാശനായി മരിക്കുകയും ചെയ്യും. ദൈവത്തിന് ഒരു ചേതവും വരുത്തുകയില്ല. നോക്കൂ! നിങ്ങളുടെ ദൈവം യഥാർത്ഥത്തിൽ നിലവിലുണ്ടെന്ന് വളരെ സന്തോഷത്തോടെ ഞാൻ അറിയിക്കുന്നു. സർവ്വവും അവന്റെ സൃഷ്ടികളാണെങ്കിലും അവനെ തിരഞ്ഞെടുക്കുന്നവരെ അവനും തിരഞ്ഞെടുക്കുന്നു. അവനെ സമീപിക്കുന്നവരെ അവനും സമീപിക്കുന്നു. അവന് ബഹുമാനം കൊടുക്കുന്നവർക്ക് അവനും ബഹുമാനം കൊടുക്കുന്നു. അവൻ നിങ്ങളെ സ്വീകരിക്കുന്നതിനായി, നിങ്ങൾ നിങ്ങ

ളുടെ ഹൃദയങ്ങളെ ഋജുവാക്കിയും നാവുകളേയും കണ്ണുക ളേയും ചെവികളേയും പരിശുദ്ധമാക്കിയും അവനിലേക്ക് വരിക.

മുഹമ്മദ്(സ) ഖാത്തമുന്നബിയ്യീൻ

അല്ലാഹു നിങ്ങളിൽനിന്ന് ആഗ്രഹിക്കുന്ന വിശ്വാസത്തി ന്റെ ആത്മാവ് ഇതാണ്: ദൈവം ഏകനാകുന്നു. മുഹമ്മദ്(സ) അവന്റെ നബിയും ഖാത്തമുൽഅമ്പിയായും എല്ലാവരേ ക്കാളും ശ്രേഷ്ഠനുമാണ്. പ്രതിച്ഛായ (ആയരൂപത്തിൽ) മുഹ മ്മദിയ്യത്തിന്റെ പുതപ്പ് പുതപ്പിക്കപ്പെട്ട നബിയല്ലാതെ മറ്റൊരു നബിയും അദ്ദേഹത്തിനു ശേഷമില്ല. എന്തുകൊണ്ടെന്നാൽ ഭൃത്യൻ തന്റെ യജമാനനിൽനിന്ന് വേർപ്പെട്ടവനല്ല. ശാഖ അതിന്റെ തായ്ത്തടിയിൽനിന്ന് വേർപ്പെട്ടതുമല്ല. ഈസബ്നു മർയം മരിച്ചുപോയിരിക്കുന്നുവെന്ന് നിങ്ങൾ ദൃഢമായും വിശ്വ സിക്കുക. കശ്മീരിലെ ശ്രീനഗറിലുള്ള ഖാൻയാർ തെരുവിൽ അദ്ദേഹത്തിന്റെ ഖബ്റുണ്ട്. അല്ലാഹു തന്റെ പ്രിയപ്പെട്ട ഗ്രന്ഥ ത്തിൽ അദ്ദേഹത്തിന്റെ മരണവാർത്ത നല്കിയിരിക്കുന്നു. ഞാൻ ഹസ്റത്ത് ഈസാ(അ)ന്റെ തേജോവിലാസത്തെ നിഷേ ധിക്കുന്നവനല്ല. എങ്കിലും, മുഹമ്മദീ മസീഹ് മൂസവീ മസീഹി നേക്കാൾ ശ്രേഷ്ഠനാണെന് ദൈവം എന്നെ അറിയിച്ചിരിക്കു ന്നു. എന്നിരുന്നാലും മസീഹിബ്നുമർയമിനെ ഞാൻ ഒരുപാട് ബഹുമാനിക്കുന്നു. എന്തുകൊണ്ടെന്നാൽ, മസീഹിബ്നുമർയം ഇസ്റായീലീ സമുദായത്തിന് ഖാത്തമുൽഖുലഫാ (ഖലീഫമാ രിൽ ശ്രേഷ്ഠൻ) ആയിരുന്നതുപോലെ ആത്മീയതയുടെ അടി സ്ഥാനത്തിൽ ഞാൻ ഇസ്ലാമിൽ ഖാത്തമുൽഖുലഫാ ആകു ന്നു. മൂസാ(അ)യുടെ സമുദായത്തിൽ ഇബ്നുമർയം വാഗ്ദ ത്തമസീഹായിരുന്നു. മുഹമ്മദീ സമുദായത്തിൽ ഞാൻ വാഗ്ദത്ത മസീഹാണ്. അതുകൊണ്ട് ഞാൻ അദ്ദേഹത്തെ ആദ രിക്കുന്നു. അദ്ദേഹത്തിന്റെ സഹനാമിയാണ് ഞാൻ. മസീഹിബ്നു മർയമിനെ ഞാനാദരിക്കുന്നില്ല എന്നുപറയുന്നവൻ ഉപദ്രവകാ രിയും കെട്ടിച്ചമച്ച് പറയുന്നവനുമാണ്.

ആരാണ് എന്റെ ജമാഅത്തിൽപ്പെട്ടവർ

ഈ എല്ലാ കാര്യങ്ങളും പറഞ്ഞതിനുശേഷം വീണ്ടും ഞാൻ പറയുന്നു: ബാഹ്യനിലയിലുള്ള ബയ്അത്ത് ചെയ്തതുകൊണ്ട് മതിയാകുമെന്ന് ഒരിക്കലും വിചാരിച്ചുപോകരുത്. ബാഹ്യം ഒരു വസ്തുവുമല്ല. ദൈവം നിങ്ങളുടെ ഹൃദയങ്ങളെയാണ് നോക്കുന്നത്. അതനുസരിച്ചുതന്നെയാണ് നിങ്ങളോടു പെരുമാറുന്നത്. നോക്കൂ! ഞാനിതു പറഞ്ഞുകൊണ്ട് എന്റെ പ്രബോധന കർത്തവ്യം നിർവഹിച്ചുകൊള്ളുന്നു.

പാപം ഒരു വിഷമാകുന്നു; അത് തിന്നരുത്. ദൈവത്തോടുള്ള അനുസരണക്കേട് ഒരു ദുർമരണമാണ്. അതിൽനിന്ന് രക്ഷപ്പെട്ടുകൊള്ളുവിൻ. നിങ്ങൾക്ക് ശക്തി ലഭിക്കാൻ പ്രാർത്ഥിക്കുക. പ്രാർത്ഥന നടത്തുമ്പോൾ ആർ അല്ലാഹു സർവ്വകാര്യങ്ങളിലും കഴിവുള്ളവനാണെന്ന് കരുതുന്നില്ലയോ- അവൻ വാഗ്ദത്തം ചെയ്തിട്ടുള്ള കാര്യങ്ങളിലൊഴിച്ച്- അവൻ എന്റെ ജമാഅത്തിൽപ്പെട്ടവനല്ല. അസത്യത്തേയും വഞ്ചനയേയും കൈവെടിയാത്തവൻ എന്റെ ജമാഅത്തിൽ പ്പെട്ടവനല്ല. ഐഹികത്തിന്റെ അത്യാർത്തിയിൽ കുടുങ്ങിക്കിടക്കുന്നവനും പരലോകത്തിന്റെ ഭാഗത്തേക്ക് കണ്ണുയർത്തി നോക്കുകപോലും ചെയ്യാത്തവനും എന്റെ ജമാഅത്തിൽപ്പെട്ടവനല്ല. ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കാത്തവൻ എന്റെ ജമാഅത്തിൽപ്പെട്ടവനല്ല. എല്ലാ ഓരോ തിന്മയിൽനിന്നും എല്ലാ ഓരോ ദുഷ്ക്കർമ്മത്തിൽനിന്നും അതായത്, മദ്യപാനം, ചൂതുകളി, ദുർനോട്ടം, ചതി, കൈക്കൂലി എന്നിവയിൽനിന്നും മറ്റെല്ലാ അവിഹിതങ്ങളായ നടപടികളിൽനിന്നും പശ്ചാത്തപിച്ച് പിൻമടങ്ങാത്തവൻ എന്റെ ജമാഅത്തിൽപ്പെട്ടവനല്ല. അഞ്ചുനേരത്തെ നമസ്കാരം നിർബന്ധബുദ്ധിയോടെ നിർവഹിക്കാത്തവൻ എന്റെ ജമാഅത്തിൽപ്പെട്ടവനല്ല. പ്രാർത്ഥനകൾ ചെയ്തുകൊണ്ടിരിക്കാത്തവനും വിനയത്തോടെ ദൈവത്തെ സ്മരിച്ചുകൊണ്ടിരിക്കാത്തവനും എന്റെ ജമാഅത്തിൽപ്പെട്ടവനല്ല. തന്നിൽ ചീത്ത സ്വാധീനം ചെലുത്തുന്ന ദുർവൃത്തരെ ഉപേക്ഷിക്കാത്തവൻ

എന്റെ ജമാഅത്തിൽപ്പെട്ടവനല്ല. മാതാപിതാക്കളെ ബഹുമാനിക്കാത്തവനും ഖുർആന് എതിരല്ലാത്ത നന്മകളുടെ കാര്യത്തിൽ അവരുടെ വാക്കുകളെ സ്വീകരിക്കാത്തവനും അവർക്ക് സേവനം ചെയ്യുന്നതിൽ വിമുഖനായിരിക്കുന്നവനും എന്റെ ജമാഅത്തിൽപ്പെട്ടവനല്ല. തന്റെ ഭാര്യയോടും അവരുടെ ബന്ധക്കളോടും സൗമ്യമായും ഉപകാരമനോഭാവത്തോടെയും വർത്തിക്കാത്തവൻ എന്റെ ജമാഅത്തിൽപ്പെട്ടവനല്ല. തന്റെ അയൽവാസിയെ ഏറ്റവും നിസ്സാരമായ വസ്തുക്കളിൽനിന്നുപോലും അകറ്റിനിർത്തുന്നവൻ എന്റെ ജമാഅത്തിൽപ്പെട്ടവനല്ല. തന്നോടു തെറ്റുചെയ്തവരുടെ കുറ്റങ്ങൾ പൊറുത്തുകൊടുക്കാതെ പക വെച്ചുപുലർത്തുന്നവൻ എന്റെ ജമാഅത്തിൽപ്പെട്ടവനല്ല. ഭാര്യയോടു വഞ്ചന പ്രവർത്തിക്കുന്ന പുരുഷനും ഭർത്താവിനോട് വഞ്ചന പ്രവർത്തിക്കുന്ന സ്ത്രീയും എന്റെ ജമാഅത്തിൽപ്പെട്ടവരല്ല. ബയ്അത്ത് ചെയ്യുമ്പോൾ ചെയ്തിട്ടുള്ള കരാറിനെ ഏതെങ്കിലും വശത്തൂടെ ലംഘിക്കുന്നവൻ എന്റെ ജമാഅത്തിൽപ്പെട്ടവനല്ല. എന്നെ സത്യഹൃദയത്തോടെ വാഗ്ദത്തമസീഹും വാഗ്ദത്ത മഹ്ദിയുമെന്ന് വിശ്വസിക്കാത്തവൻ എന്റെ ജമാഅത്തിൽപെട്ടവനല്ല. നന്മയായിട്ടുള്ള കല്പനകളിൽ എന്നെ അനുസരിക്കാൻ തയ്യാറല്ലാത്തവനും എന്റെ ജമാഅത്തിൽപ്പെട്ടവനല്ല. ശത്രുക്കളുടെ സംഘങ്ങളിൽ ചെന്നിരിക്കുകയും അവർക്കൊപ്പിച്ച് കൈത്താളം മുട്ടുകയും ചെയ്യുന്നവൻ എന്റെ ജമാഅത്തിൽപ്പെട്ടവനല്ല. വ്യഭിചാരി, ധിക്കാരി, മദ്യപാനി, കൊലയാളി, കള്ളൻ, ചൂതുകളിക്കാരൻ, ചതിയൻ, കൈക്കൂലിക്കാരൻ, പിടിച്ചുപറിക്കാരൻ, ദ്രോഹി, കള്ളം പറയുന്നവൻ, കള്ളരേഖയുണ്ടാക്കുന്നവനും അവരുടെ കൂട്ടുകാരനും തന്റെ സഹോദരന്മാരേയും സഹോദരിമാരേയും പറ്റി പഴി പറയുന്നവനും ദുർവൃത്തികളിൽനിന്ന് പശ്ചാത്തപിച്ച് മടങ്ങാതിരിക്കുന്നവനും ദുഷ്ടമായ കൂട്ടുകെട്ടുകൾ ഉപേക്ഷിക്കാത്തവനും എന്റെ ജമാഅത്തിൽപ്പെട്ടവനല്ല.

ഇതെല്ലാം വിഷങ്ങളാകുന്നു. ഈ വിഷങ്ങൾ തിന്നിട്ട്

നിങ്ങൾക്ക് ഒരുവിധത്തിലും രക്ഷപ്പെടാനാവില്ല. ഇരുട്ടും വെളിച്ചവും ഒരിടത്ത് ഒരുമിച്ച് ചേരുകയില്ല. ഹൃദയത്തിൽ വക്രതയുള്ളവനും ദൈവത്തോടു സത്യസന്ധത പുലർത്താത്തവനും ഋജുമാനസർക്ക് ലഭിക്കുന്ന ബർക്കത്തുകൾ (അനുഗ്രഹങ്ങൾ) ഒരിക്കലും ലഭിക്കുകയില്ല. തങ്ങളുടെ ഹൃദയങ്ങളെ ശുദ്ധമാക്കുന്നവരും അവയിൽനിന്ന് എല്ലാ മാലിന്യങ്ങളും തുടച്ചുനീക്കുന്നവരും തങ്ങളുടെ ദൈവത്തോടു കൂറുപുലർത്തുമെന്ന് പ്രതിജ്ഞ ചെയ്യുന്നവരും എത്രമാത്രം സൗഭാഗ്യവാന്മാരാണ്. അവർ നഷ്ടത്തിലാവുകയില്ല. ദൈവം അവരെ അവഹേളിതരാക്കുകയില്ല. എന്തുകൊണ്ടെന്നാൽ അവർ ദൈവത്തിന്റേതാകുന്നു. ദൈവം അവരുടേതും തന്നെ. എല്ലാ ആപത്തുകളിൽനിന്നും അവർ രക്ഷപ്പെടും. അവർക്കെതിരെ ഗൂഢാലോചന നടത്തുന്ന ശത്രുക്കൾ വിഡ്ഢികളാകുന്നു. എന്തുകൊണ്ടെന്നാൽ അവർ ദൈവത്തിന്റെ മടിത്തട്ടിലാണുള്ളത്; ദൈവം അവരെ സഹായിക്കുന്നതിലും. ആരാണ് ദൈവത്തിൽ വിശ്വാസമർപ്പിച്ചിട്ടുള്ളത്? ഇപ്പറഞ്ഞവരെപ്പോലുള്ളവർ മാത്രം. അപ്രകാരംതന്നെ, ഭയമില്ലാത്തവനും പാപിയും ദുർവാശിയും ഉപദ്രവമുണ്ടാക്കുക എന്ന ചിന്തയിൽ കഴിയുന്നവനും വിഡ്ഢിയാണ്. കാരണം അവൻ സ്വയം നശിക്കുന്നതാണ്. നല്ലവരെ നശിപ്പിച്ച് നാമാവശേഷമാക്കിയ സന്ദർഭം അല്ലാഹു ആകാശവും ഭൂമിയും ഉണ്ടാക്കിയതു മുതൽ ഒരിക്കലും ഉണ്ടായിട്ടില്ല. പ്രത്യുത, അവർക്കുവേണ്ടി വലിയ വലിയ പ്രവൃത്തികൾ കാണിച്ചുകൊണ്ടിരുന്നു. ഇപ്പോഴും കാണിക്കുന്നതാണ്.

നമ്മുടെ ദൈവം അങ്ങേയറ്റം വിശ്വസ്തനായ ദൈവമാകുന്നു. വിശ്വസ്തരായവർക്കുവേണ്ടി അവന്റെ അത്ഭുതകരമായ പ്രവൃത്തി പ്രത്യക്ഷപ്പെടുന്നു. അവരെ വിഴുങ്ങിക്കളയണമെന്ന് ലോകം ആഗ്രഹിക്കുന്നു. ഓരോ ശത്രുവും അവർക്കെതിരിൽ പല്ലു ഞെരുക്കുന്നു. എന്നാൽ അവരുടെ മിത്രമായ ദൈവം നാശത്തിന്റെ ഓരോ സ്ഥലത്തുനിന്നും അവരെ രക്ഷിക്കുന്നു. എല്ലാ രംഗങ്ങളിലും അവർക്ക് വിജയം നല്കുന്നു.

ആ ദൈവത്തിന്റെ കോന്തല വിടാത്തവൻ എത്രമാത്രം ഭാഗ്യ വാനാണ്. നാം അവനിൽ വിശ്വസിച്ചിരിക്കുന്നു. നാം അവനെ തിരിച്ചറിഞ്ഞിരിക്കുന്നു. എന്നിൽ വെളിപാടിറക്കിയവൻ തന്നെ യാണ് സർവ്വലോകത്തിന്റേയും ദൈവം. അവനാണ് എനിക്കു വേണ്ടി ശക്തമത്തായ അടയാളം കാണിച്ചിട്ടുള്ളത്. അവൻ എന്നെ ഇക്കാലത്തേക്ക് വാഗ്ദത്ത മസീഹായി അയച്ചു. അവ നല്ലാതെ ഒരു ദൈവവുമില്ല. ആകാശത്തിലുമില്ല ഭൂമിയിലുമി ല്ല. അവനിൽ വിശ്വസിക്കാത്തവൻ ഭാഗ്യഹീനനും നിസ്സഹായ തയിൽ കുടുങ്ങിയവനുമാണ്. നമ്മുടെ ദൈവത്തിന്റെ, സൂര്യ പ്രകാശംപോലെ വെളിമയാർന്ന വെളിപാട് നാം പ്രാപിച്ചു. നാം അവനെ കണ്ടു. ലോകത്തിന്റെ ദൈവം അവൻ മാത്രമാണ്. അവനല്ലാതെ മറ്റൊരു ദൈവവുമില്ല. നാം കണ്ട ആ ദൈവം എത്രമാത്രം സർവ്വശക്തനും എല്ലാത്തിനേയും നിലനിർത്തു ന്നവനുമാണ്. നാം കണ്ടത് എത്രമാത്രം ശക്തിപ്രഭാവങ്ങളുടെ അധികാരിയെയാണ്. സത്യമെന്താണെന്നുവെച്ചാൽ, അവന്റെ മുമ്പിൽ അസംഭാവ്യമായ ഒന്നുമില്ല. എന്നിരുന്നാലും തന്റെ ഗ്രന്ഥത്തിനോ വാഗ്ദാനത്തിനോ എതിരായി അവൻ ഒന്നും ചെയ്യുന്നില്ല.

അതുകൊണ്ട് നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ അജ്ഞരായ പ്രകൃതിവാദികളെപ്പോലെ ആയിത്തീരരുത്. അവർ അവരുടെ സ്വന്തം ചിന്തയാൽ ഒരു നിയതിനിയമം ഉണ്ടാക്കിയിരിക്കുക യാണ്. അതിൽ ദൈവഗ്രന്ഥത്തിന്റെ മുദ്രയില്ല. അവർ ബഹി ഷ്കൃതരാണ്. അവരുടെ പ്രാർത്ഥനകൾ ഒരിക്കലും സ്വീകരി ക്കപ്പെടുകയില്ല. അവർ അന്ധരാണ്. കാഴ്ചയുള്ളവരല്ല. അവർ മരിച്ചവരാണ്. ജീവനുള്ളവരല്ല. അവർ അവരുടെ സ്വയംകൃത നിയമം ദൈവത്തിന്റെ മുമ്പിൽ അവതരിപ്പിക്കുന്നു. അവന്റെ അതിരില്ലാത്ത കഴിവുകൾക്ക് അതിർവരമ്പിടുന്നു. അവനെ ബല ഹീനനായി മനസ്സിലാക്കുന്നു. അവരുടെ അവസ്ഥപോലെ തന്നെ അവൻ അവരോട് പെരുമാറുന്നതായിരിക്കും.

എന്നാൽ, നീ പ്രാർത്ഥനയ്ക്കായി എഴുന്നേറ്റുനില്ക്കു

മ്പോൾ നിന്റെ ദൈവം എല്ലാ ഓരോ വസ്തുക്കളുടേയുംമേൽ സർവ്വക്തനാണെന്ന ദൃഢവിശ്വാസം വെച്ചുപുലർത്തേണ്ടത് നിനക്ക് അനുപേക്ഷണീയമാണ്. അപ്പോൾ നിന്റെ പ്രാർത്ഥന സ്വീകരിക്കപ്പെടും. അങ്ങനെ ഞാൻ കണ്ടതുപോലുള്ള ദൈവികശക്തിയുടെ അത്ഭുതപ്രതിഭാസങ്ങൾ നീ കാണുന്നതാണ്. നമ്മുടെ സാക്ഷ്യം ദർശനത്തിലൂടെയുള്ളതാണ്, കഥ എന്ന നിലയിലുള്ളതല്ല. ദൈവം എല്ലാ ഓരോ വസ്തുവിന്റേയുംമേൽ സർവ്വശക്തനാണെന്ന് മനസ്സിലാക്കാത്തവന്റെ പ്രാർത്ഥന എങ്ങനെ സ്വീകരിക്കപ്പെടാനാണ്? അവന്റെ നോട്ടത്തിൽ അവനുണ്ടാകുന്ന ബുദ്ധിമുട്ടുകളെല്ലാം പ്രകൃതിനിയമത്തിനു വിരുദ്ധമെന്നു വരുമ്പോൾ അവന് പ്രാർത്ഥിക്കാനുള്ള പ്രേരണ ഉണ്ടാകുന്നതെങ്ങനെ?

എന്നാൽ, ഏയ് ഭാഗ്യശാലിയായ മനുഷ്യാ! നീ അങ്ങനെ ചെയ്യരുത്. തൂണൊന്നും കൂടാതെ എണ്ണമറ്റ നക്ഷത്രങ്ങളെ തൂക്കിയിട്ടവനാണ് നിന്റെ ദൈവം. അവൻ ഭൂമിയേയും ആകാശത്തേയും ഇല്ലാത്ത അവസ്ഥയിൽനിന്ന് സൃഷ്ടിച്ചവനാണ്. നിന്റെ ആവശ്യം പൂർത്തിയാക്കിത്തരാൻ കെല്പില്ലാത്തവനാണെന്ന് നീ അവനെ തെറ്റുധരിക്കുകയാണോ? നിന്റെ ഈ തെറ്റുധാരണതന്നെ നിന്നെ ഭാഗ്യംകെട്ടവനാക്കും. നമ്മുടെ ദൈവത്തിൽ അസംഖ്യം അത്ഭുതങ്ങളുണ്ട്. സത്യസന്ധതയോടും വിശ്വസ്തതയോടുംകൂടി അവന്റേതായിത്തീർന്നവൻ മാത്രമാണ് അത് കാണുന്നത്. അവന്റെ ശക്തിപ്രഭാവങ്ങളിൽ വിശ്വസിക്കാത്തവരുടേയും അവനോട് സത്യതയും വിശ്വസ്തതയും പുലർത്താത്തവരുടേയുംമേൽ അവൻ അത്ഭുതങ്ങൾ വെളിപ്പെടുത്തുകയില്ല.

സർവ്വശക്തനായ ഒരു ദൈവം ഉണ്ടെന്ന് ഇനിയും അറിഞ്ഞിട്ടില്ലാത്തവൻ എത്രമാത്രം നിർഭാഗ്യവാൻ! നമ്മുടെ സ്വർഗ്ഗം നമ്മുടെ ദൈവമത്രെ. നമ്മുടെ ഉന്നതമായ ആനന്ദാനുഭൂതികൾ നമ്മുടെ ദൈവത്തിലാകുന്നു. എന്തുകൊണ്ടെന്നാൽ ഞാൻ അവനെ കണ്ടിരിക്കുന്നു. എല്ലാ സൗന്ദര്യങ്ങളും അവനിൽ

കണ്ടെത്തിയിരിക്കുന്നു. ജീവൻ നഷ്ടപ്പെട്ടാലും സ്വന്തമാക്കേണ്ട സമ്പത്താണ് അവൻ. ജീവനും, സർവ്വസ്വവും നഷ്ടപ്പെട്ടാലേ ലഭ്യമാകൂ എന്നുവന്നാലും വിലകൊടുത്തു വാങ്ങേണ്ട രത്ന മാകുന്നു അത്. അല്ലയോ ഹതഭാഗ്യരേ! ഇതാ ഈ നീർധാര യിലേക്ക് ഓടിയടുക്കുവിൻ. അത് നിങ്ങളെ വയറുനിറയെ കുടി പ്പിക്കും. നിങ്ങളെ രക്ഷിക്കുന്ന ജീവിതസ്രോതസ്സാണത്. ഞാൻ എന്തു ചെയ്യാനാണ്. ഈ സന്തോഷവർത്തമാനം ഹൃദയങ്ങ ളിൽ കുടിയിരുത്താൻ ഞാൻ എന്താണ് ചെയ്യേണ്ടത്. ഇതാ! നിങ്ങളുടെ ദൈവം എന്ന് ഏത് ചെണ്ടകൊട്ടിയാണ് ഞാൻ വിളംബരം ചെയ്യേണ്ടത്; ലോകർ കേൾക്കുമാറാകാൻ. ലോക രുടെ കാത് തുറപ്പിക്കാൻ ഏത് ഔഷധംകൊണ്ടാണ് ഞാൻ ചികിത്സിക്കേണ്ടത്.

നിങ്ങൾ ദൈവത്തിന്റേതായിത്തീരുമെങ്കിൽ ദൈവം നിങ്ങ ളുടേതുതന്നെയാണ്. നിങ്ങൾ ഉറങ്ങുമ്പോൾ നിങ്ങൾക്കുവേണ്ടി അവൻ ഉണർന്നിരിക്കും. നിങ്ങൾ ശത്രുവിനെക്കുറിച്ച് അശ്ര ദ്ധരായിരിക്കുമ്പോൾ അവൻ ശത്രുവിനെ നോക്കിപ്പാർക്കും. നിങ്ങളുടെ ശത്രുവിന്റെ ആസൂത്രണങ്ങളെ അവൻ തകർത്തു കൊള്ളും. നിങ്ങളുടെ ദൈവത്തിൽ എന്തെന്ത് അത്ഭുതങ്ങളു ണ്ടെന്ന് നിങ്ങളറിയുന്നില്ല. അറിഞ്ഞിരുന്നുവെങ്കിൽ ഈ ദുൻയാ വിനെ ചൊല്ലി ദുഃഖിച്ചുകൊണ്ടിരിക്കുന്ന ദിനങ്ങൾ നിങ്ങൾക്കു ണ്ടാവില്ല. തന്റെ പക്കൽ ഒരു വൻനിധി ഉണ്ടായിരിക്കെ ചില്ലി ക്കാശ് നഷ്ടപ്പെട്ടതിനെചൊല്ലി ആരെങ്കിലും കരയുകയും അല മുറകൂട്ടുകയും മരിക്കാനൊരുങ്ങുകയും ചെയ്യുമാറുണ്ടോ. നിങ്ങൾക്ക് ഈ നിധിയെക്കുറിച്ച് അറിയാമെങ്കിൽ, നിങ്ങളുടെ ഓരോ ആവശ്യത്തിന്റേയും അവസരത്തിൽ നിങ്ങൾക്ക് സഹാ യത്തിനായി ദൈവം ഉണ്ടെന്നറിഞ്ഞെങ്കിൽ നിങ്ങൾ ദുൻയാ വിനുവേണ്ടി സ്വയം അവനെ മറക്കുന്നതെന്തിന്? ദൈവം ഏറ്റവും പ്രിയപ്പെട്ടനിധിയാകുന്നു. അതിനെ വിലമതിക്കുവിൻ. ഓരോ കാൽവെപ്പിലും അവൻ നിങ്ങളുടെ സഹായകനാകു ന്നു. അവനെ കൂടാതെ നിങ്ങൾ ഒന്നുമല്ല. നിങ്ങളുടെ ഉപകര

ണങ്ങളും ഉപായങ്ങളും ഒരു വസ്തുവുമല്ല. അന്യസമുദായങ്ങളെ അനുകരിക്കരുത്. അവർ പരിപൂർണ്ണമായും ഭൗതികവഴികളിൽ വീഴപ്പെട്ടവരാണ്. പാമ്പ് മണ്ണ് തിന്നുന്നതുപോലെ അവർ നിസ്സാരമായ ഭൗതികവഴിയിലെ മണ്ണു തിന്നിരിക്കുകയാണ്. കഴുകനും പട്ടിയും ശവം തിന്നുന്നതുപോലെ അവർ ശവത്തിനുമേൽ കടിച്ചുപിടിച്ചിരിക്കുന്നു. അവർ ദൈവത്തിൽനിന്ന് വളരെ അകന്നിരിക്കുന്നു. ആൾദൈവങ്ങളെ ആരാധിക്കുകയും പന്നിയിറച്ചി തിന്നുകയും മദ്യം വെള്ളംപോലെ കുടിക്കുകയും ചെയ്തു. അതിരുകടന്ന് ഭൗതികവഴികളിൽ വീണതുകൊണ്ടും ദൈവത്തിൽനിന്ന് ശക്തി തേടാത്തതുകൊണ്ടും അവർ മരിച്ചിരിക്കുകയാണ്. കൂട്ടിൽനിന്ന് പ്രാവ് പറന്നുപോകുന്നതുപോലെ അവരിൽനിന്ന് ദൈവികമായ ആത്മാവ് പുറത്തുപോയിരിക്കുന്നു. അവരുടെയുള്ളിൽ ലൗകികതയും കുഷ്ഠരോഗവുമുണ്ട്. അത് അവരുടെ ആന്തരികാവയവങ്ങളെ മുറിച്ചുകളഞ്ഞിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ ആ രോഗത്തെ ഭയപ്പെടുക. ഞാൻ നിങ്ങളെ മധ്യനിലയുടെ പരിധിവരെ ഭൗതികമായ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനെ വിലക്കുന്നില്ല. നിങ്ങൾ ഇതര സമുദായങ്ങളെപ്പോലെ വെറും ഭൗതികമാർഗ്ഗങ്ങളുടെ അടിമകളാകുന്നതിനേയും ഭൗതികവഴികളും നിങ്ങൾക്കു ഒരുക്കിത്തന്ന ആ ദൈവത്തെ വിസ്മരിക്കുന്നതിനെയുമാണ് ഞാൻ വിലക്കുന്നത്. ദൈവം മാത്രമേ ദൈവമായിട്ടുള്ളൂവെന്നും മറ്റുള്ളതെല്ലാം നിഷ്ഫലമാണെന്നും നിങ്ങൾക്കു കണ്ണുണ്ടെങ്കിൽ നിങ്ങൾക്ക് കാണാൻ കഴിയണം. അവന്റെ കല്പനയില്ലാതെ നിങ്ങൾക്ക് കൈ നിവർത്തുവാനോ മടക്കുവാനോ സാധിക്കുകയില്ല. ഇതുപറയുമ്പോൾ ഒരു മൃതതുല്യനായവൻ ചിരിക്കും. എന്നാൽ, അഹോകഷ്ടം! അവൻ മരിച്ചുപോയിരുന്നെങ്കിൽ ആ പരിഹസിക്കുന്നതിനേക്കാൾ അവന് നല്ലതായിരുന്നു.

ശ്രദ്ധിച്ചുകേൾക്കുക! നിങ്ങൾ അന്യസമുദായങ്ങളെ കണ്ടുകൊണ്ട്, അവർ ഭൗതികമായ പദ്ധതികളിൽ അഭിവൃദ്ധിപ്പെട്ടി

രിക്കുന്നുവെന്നും, അതുകൊണ്ട് വരിക, നമുക്കും അവരുടെ ചവിട്ടടികളിലൂടെ നടക്കാമെന്നും ആശിച്ചുപോകരുത്. കേൾക്കുകയും മനസ്സിലാക്കുകയും ചെയ്യുവിൻ. നിങ്ങളെ തന്നിലേക്കു വിളിക്കുന്ന ദൈവത്തിൽനിന്ന് അവർ അങ്ങേയറ്റം അപരിചതരും അശ്രദ്ധരുമാണ്. അവരുടെ ദൈവം എന്തു വസ്തുവാണ്? കേവലം ഒരു മനുഷ്യൻ. ഇതുകൊണ്ട് അവർ അശ്രദ്ധയിൽ തള്ളപ്പെട്ടിരിക്കുന്നു. ഞാൻ നിങ്ങളെ ദുൻയാവിലെ സമ്പാദ്യത്തിൽനിന്നും തൊഴിലെടുക്കുന്നതിൽ നിന്നും തടയുന്നില്ല. എന്നാൽ, നിങ്ങൾ സകലതും ദുൻയാവ് തന്നെ എന്നു കരുതുന്നവരുടെ അനുയായികളാകരുത്. നിങ്ങൾ എല്ലാ ഓരോ പ്രവൃത്തിയിലും, അത് ഭൗതികമാകട്ടെ മതപരമാവട്ടെ അല്ലാഹുവിനോട് കരുത്തും കഴിവും തേടിക്കൊണ്ടേയിരിക്കേണ്ടതാണ്. എന്നാൽ, വെറും വരണ്ടുണങ്ങിയ ചുണ്ടുകളാലല്ല, മറിച്ച്, എല്ലാ ഓരോ അനുഗ്രഹവും ആകാശത്തുനിന്നുമാത്രമാണ് ഇറങ്ങുന്നതെന്നുള്ള യഥാർത്ഥമായ വിശ്വാസം നിങ്ങൾക്കുണ്ടായിരിക്കേണ്ടതാണ്. ഓരോ പ്രവർത്തനവേളയിലും ഓരോ വിഷമസന്ധിയിലും, നിങ്ങൾ എന്തെങ്കിലും പ്രയത്നിക്കുന്നതിനുമുമ്പേ നിങ്ങളുടെ വാതിൽ അടയ്ക്കുകയും ദൈവത്തിന്റെ തിരുസന്നിധിയിൽ വീഴുകയും ഞങ്ങൾക്ക് ഈ പ്രയാസം നേരിട്ടിരിക്കുന്നു, നിന്റെ അനുഗ്രഹംകൊണ്ട് അത് അകറ്റിത്തരേണമേ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നവരെപ്പോലെ ആകുമ്പോൾ മാത്രമേ നിങ്ങൾ സത്യവാന്മാരാകുകയുള്ളൂ. അപ്പോൾ പരിശുദ്ധാത്മാവ് നിങ്ങളെ സഹായിക്കുകയും അദൃശ്യത്തിൽനിന്ന് എന്തെങ്കിലും വഴി നിങ്ങൾക്കായി തുറക്കുകയും ചെയ്യുന്നതായിരിക്കും. നിങ്ങളുടെ ജീവനോട് കരുണ കാണിക്കുക. അല്ലാഹുവുമായിട്ടുള്ള ബന്ധം തികച്ചും വിച്ഛേദിക്കുകയും പൂർണ്ണമായും ഭൗതികമായ വഴിയിൽ വീഴുകയും ശക്തി ചോദിച്ചുവാങ്ങുന്നതിനായി വായകൊണ്ട് ഇൻശാഅല്ലാഹ് എന്നുപോലും പറയാതിരിക്കുകയും ചെയ്യുന്നവരുടെ അനുയായികൾ ആകാതിരിക്കുക. നിങ്ങളുടെ ദൈവം എല്ലാ പ്രയത്നങ്ങളുടേയും മോന്തായമാണെന്ന് കണ്ടറിയാൻ ദൈവം

നിങ്ങളുടെ കണ്ണുകൾ തുറക്കുമാറാകട്ടെ. മോന്തായം വീണാൽ കഴുക്കോലുകൾ അതിന്റെ സ്ഥാനത്ത് നില്ക്കുമോ? ഇല്ല, അത് ക്ഷണത്തിൽ നിലംപൊത്തും. പലരും മരിക്കാനും ഇടയുണ്ട്. ഇപ്രകാരം നിങ്ങളുടെ പ്രയത്നം ദൈവത്തിന്റെ സഹായം കൂടാതെ നിലനില്ക്കുകയില്ല. നിങ്ങൾ അവനോട് സഹായം ചോദിക്കാതിരിക്കുകയും പ്രവർത്തിക്കാനുള്ള ശക്തി അവ നോട് ചോദിക്കുന്നത് സ്വന്തം ചിട്ടയാക്കാതിരിക്കുകയും ചെയ്യു കയാണെങ്കിൽ നിങ്ങൾക്കൊരു വിജയവും ലഭിക്കുകയില്ല. അവസാനം വലിയ നിരാശയോടെ മരിക്കുകയും ചെയ്യും.

ഇതരസമുദായങ്ങൾ പിന്നെങ്ങനെ വിജയിച്ചുകൊണ്ടിരി ക്കുന്നുവെന്നും, അവരാണെങ്കിൽ തികവുറ്റവനും സർവ്വശക്ത നുമായ നിങ്ങളുടെ ദൈവത്തെ അറിയുകപോലുമില്ലല്ലോ എന്നും മറ്റും നിങ്ങൾ ചിന്തിക്കരുത്. അവർ ദൈവത്തെ കൈവി ട്ടുകളഞ്ഞ കാരണത്താൽ ലൗകികമായ പരീക്ഷണത്തിൽ വീഴ്ത്തപ്പെട്ടിരിക്കുന്നുവെന്നതാണ് അതിനുള്ള മറുപടി. ദൈവ ത്തിന്റെ പരീക്ഷണം ചിലപ്പോൾ ഈ രീതിയിലും ഉണ്ടാകാറു ണ്ട്. അതായത്, ആ വ്യക്തി അവനെ വിട്ടുകളയുകയും ഐഹി കമായ ഉന്മാദങ്ങളേയും ആനന്ദാനുഭൂതികളേയും സ്നേഹി ക്കുകയും ഭൗതികമായ സ്വത്തുക്കൾ ആഗ്രഹിക്കുകയും ചെയ്യുമ്പോൾ ഭൗതികമായ കവാടങ്ങൾ അവനായി തുറക്ക പ്പെടുകയും എന്നാൽ മതത്തിന്റെ വീക്ഷണത്തിൽ അവൻ പര മദരിദ്രനും നഗ്നനുമായിത്തീരുകയും അവസാനം ലൗകികമായ ചിന്തകളിൽതന്നെ മരിച്ചൊടുങ്ങുകയും ദീർഘകാലം നരക ത്തിൽ ഇടപ്പെടുകയും ചെയ്യുന്നു. ചിലപ്പോൾ ലൗകികമായ കാര്യങ്ങളിൽ പരാജിതരാക്കിക്കൊണ്ടും പരീക്ഷണം ഉണ്ടാ കാറുണ്ട്. എന്നാൽ, അവസാനം പറഞ്ഞ പരീക്ഷണം ആദ്യം പറഞ്ഞത്ര ഭയാനകമല്ല. എന്തുകൊണ്ടെന്നാൽ, ആദ്യം പറഞ്ഞ പരീക്ഷണത്തിന് വിധേയനാകുന്നവൻ കൂടുതൽ അഹങ്കാരി യായിത്തീരുന്നു. എന്തായാലും ഈ രണ്ട് കക്ഷികളും مَغْضُوبِ عَلَيْهِمْ കോപത്തിന് പാത്രമായവരാണ്. സത്യമായ സന്തോ

ഷത്തിന്റെ ഉത്ഭവസ്ഥാനം ദൈവമാകുന്നു. അതുകൊണ്ട്, ആ എന്നെന്നും ജീവിച്ചിരിക്കുന്നവനും എല്ലാത്തിനേയും നിലനിറുത്തുന്നവനുമായ ദൈവത്തെക്കുറിച്ച് ഇക്കൂട്ടർ അജ്ഞരാകുമ്പോൾ എന്നല്ല, അശ്രദ്ധരാകുകയും അവനിൽനിന്ന് മുഖം തിരിക്കുകയും ചെയ്യുമ്പോൾ സത്യമായ സന്തോഷം അവർക്ക് എവിടന്ന് ലഭിക്കാനാണ്. ഈ രഹസ്യം മനസ്സിലാക്കുന്ന മനുഷ്യൻ ഭാഗ്യവാനാണ്. ഈ രഹസ്യം മനസ്സിലാക്കാത്തവൻ നാശമടഞ്ഞിരിക്കുന്നു.

ഇപ്രകാരംതന്നെ ഭൗതികരായ തത്ത്വചിന്തകന്മാരെ നിങ്ങൾ അനുസരിക്കുകയോ അവരെ ആദരദൃഷ്ടയോടെ നോക്കുകയോ ചെയ്യരുത്. ഇതെല്ലാം അറിവില്ലായ്മകളാണ്. അല്ലാഹു നിങ്ങളെ തന്റെ ഗ്രന്ഥത്തിൽ പഠിപ്പിച്ചിട്ടുള്ളതാണ് യഥാർത്ഥ തത്വശാസ്ത്രം. ഭൗതികമായ തത്ത്വശാസ്ത്രത്തിന്റെ പ്രേമികളായിട്ടുള്ളവർ നാശമടഞ്ഞിരിക്കുന്നു. യഥാർത്ഥജ്ഞാനവും തത്ത്വശാസ്ത്രവും അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ അന്വേഷിച്ചവർ വിജയം വരിച്ചിരിക്കുന്നു. അറിവില്ലായ്മയുടെ വഴികൾ നിങ്ങളെന്തിനാണ് സ്വായത്തമാക്കുന്നത്? അല്ലാഹുവിന് അറിവില്ലാത്ത കാര്യങ്ങൾ നിങ്ങൾ അവനെ പഠിപ്പിക്കാൻ നടക്കുകയാണോ?

നിങ്ങളെ വഴി കാണിക്കുമെന്ന് കരുതി നിങ്ങൾ അന്ധന്മാരുടെ പിന്നാലെ ഓടുകയാണോ? അല്ലയോ അജ്ഞരേ! സ്വയം അന്ധനായവൻ നിങ്ങളെ എന്തു വഴി കാണിക്കാനാണ്? എന്നല്ല, നിങ്ങളോട് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള യഥാർത്ഥ തത്വശാസ്ത്രം പരിശുദ്ധാത്മാവിൽനിന്നാണ് ലഭിക്കുന്നത്. അന്യർക്ക് എത്തിച്ചേരുവാൻ സാധിക്കാത്ത അറിവുകൾവരെ നിങ്ങൾ പരിശുദ്ധാത്മാവ് വഴി എത്തിക്കപ്പെടുന്നതാണ്. സത്യസന്ധതയോടുകൂടി ചോദിച്ചാൽ അവസാനം നിങ്ങൾ അത് പ്രാപിക്കും. അപ്പോൾ നിങ്ങൾക്ക് മനസ്സിലാകും ഹൃദയത്തിന് നവോന്മേഷവും ജീവിതവും പ്രദാനം ചെയ്യുന്നതും ദൃഢവിശ്വാസത്തിന്റെ മിനാരംവരെ എത്തിക്കുന്നതുമായ അറിവ്

ഇതുതന്നെയാണെന്ന്. സ്വയം ശവം തിന്നുന്നവർ നിങ്ങൾക്ക് പരിശുദ്ധമായ ഭക്ഷണം എവിടെനിന്ന് കൊണ്ടുവരാനാണ്? അവർ സ്വയം അന്ധരാണ്. അവരെങ്ങനെ നിങ്ങളെ വഴി കാണിക്കാനാണ്? എല്ലാ ഓരോ പവിത്രമായ യുക്തിജ്ഞാനങ്ങളും ആകാശത്തിൽ നിന്നാണ് വരുന്നത്. അംഗഹീനരായ ആളുകളിൽ നിങ്ങൾ എന്താണ് അന്വേഷിക്കുന്നത്? ആരുടെ ആത്മാക്കളാണോ ആകാശത്തേക്ക് പോകുന്നത്, അവർ തന്നെയാണ് യുക്തിജ്ഞാനത്തിന്റെ അനന്തരാവകാശികൾ. സ്വയം സമാധാനത്തിലല്ലാത്തവർ നിങ്ങളെ എങ്ങനെ സമാധാനപ്പെടുത്താനാണ്? എന്നാൽ, ആദ്യം മനപരിശുദ്ധി അനിവാര്യമാണ്. സത്യസന്ധതയും ആത്മാർത്ഥതയും അനിവാര്യമാണ്. അതിനുശേഷം ഇതെല്ലാം നിങ്ങൾക്കു ലഭിക്കുന്നതാണ്.

ദൈവികവെളിപാടിന്റെ വാതിൽ ഇപ്പോഴും തുറന്നുകിടക്കുന്നു

അല്ലാഹുവിന്റെ വഹ്‌യ്- ദൈവികഭാഷണം മുന്നോട്ടില്ലെന്നും പിന്നിൽ നിലച്ചുപോയെന്നും പരിശുദ്ധാത്മാവിന് ഇറങ്ങുവാൻ സാധ്യമല്ലെന്നും മുൻകാലങ്ങളിൽത്തന്നെ ഇറങ്ങിക്കഴിഞ്ഞുപോയെന്നും നിങ്ങളൊരിക്കലും കരുതരുത്. എല്ലാ വാതിലുകളും അടഞ്ഞുപോകുമെന്നും എന്നാൽ, റൂഹുൽഖുദ്സ്- പരിശുദ്ധാത്മാവ് ഇറങ്ങുന്ന വാതിൽ ഒരിക്കലും അടഞ്ഞുപോകുന്നതല്ലെന്നും ഞാൻ സത്യമായും സത്യമായും പറയുന്നു. പരിശുദ്ധാത്മാവ് നിങ്ങളിൽ പ്രവേശിക്കാൻ നിങ്ങൾ നിങ്ങളുടെ ഹൃദയകവാടങ്ങളെ തുറന്നിടുവിൻ. ഈ കിരണങ്ങൾ കടക്കാനുള്ള ജാലകം നിങ്ങൾ അടയ്ക്കുമ്പോൾ നിങ്ങളെ സ്വയം ഈ സൂര്യനിൽനിന്ന് ദൂരത്തിടുകയാണ് ചെയ്യുന്നത്.

ആത്മീയകാര്യങ്ങളെപ്പറ്റി വിവരമില്ലാത്ത മനുഷ്യാ! എഴുന്നേല്ക്കുകയും ഈ ജാലകം തുറന്നിടുകയും ചെയ്യുക. അപ്പോൾ സൂര്യൻ തന്നത്താൻ നിന്റെയുള്ളിൽ പ്രവേശിക്കുന്നതാണ്. ദൈവം ഇക്കാലത്ത് ഭൗതികമായ സമൃദ്ധികളുടെ വഴികൾ നിങ്ങളിൽ അടച്ചിടാതെ വർദ്ധിപ്പിച്ചുവെന്നു വരുമ്പോൾ ഇക്കാലത്ത് നിങ്ങൾക്കേറ്റവും ആവശ്യമായിട്ടുള്ള

ആത്മീയമായ സമൃദ്ധികളുടെ വഴികൾ അടച്ചുകളഞ്ഞുവെന്ന് നിങ്ങൾ ധരിക്കുന്നുവോ? അങ്ങനെ ഒരിക്കലുമില്ല, പ്രത്യുത കൂടുതൽ തെളിമയാർന്ന നിലയിൽ ആ വാതിൽ തുറക്കപ്പെടു കയാണ് ചെയ്തിട്ടുള്ളത്. ഇപ്പോൾ അല്ലാഹു ഫാത്തിഹ എന്ന അദ്ധ്യായത്തിൽ പഠിപ്പിച്ച അദ്ധ്യാപനപ്രകാരം കഴിഞ്ഞകാ ലത്തെ എല്ലാ ആത്മീയാനുഗ്രഹങ്ങളുടേയും വാതിൽ നിങ്ങൾക്കായി തുറന്നിരിക്കുന്നു. അത് വാങ്ങുന്നതിനെ നിങ്ങൾ നിഷേധിക്കുന്നതെന്തിനാണ്? നിങ്ങൾ ഈ നീരുറവിനുവേണ്ടി ദാഹിക്കുന്നവരായിത്തീരുക. എന്നാൽ, വെള്ളം തന്നത്താൻ വന്നുചേരുന്നതായിരിക്കും. ആ പാലിന്നായി നിങ്ങൾ കുഞ്ഞു ങ്ങളെപ്പോലെ കരയുക; പാല് സ്തനത്തിൽ നിന്ന് തനിയെ ഇറങ്ങിവരുന്നതാണ്. കാരുണ്യത്തിന്നർഹരായിത്തീരുക; നിങ്ങ ളിൽ കരുണ ചെയ്യപ്പെടാൻ. അസ്വസ്ഥത കാണിക്കുക; സമാ ധാനം പ്രാപിക്കാൻ. ആവർത്തിച്ചാവർത്തിച്ച് നിലവിളിക്കുക; ഒരു കൈ നിങ്ങളെ എത്തിപ്പിടിക്കാൻ. ദൈവത്തെ പ്രാപിക്കാനുള്ള വഴി എന്തുമാത്രം ദുഷ്കരമാണ്. എന്നാൽ, മരിക്കുവാനുള്ള ഉദ്ദേശ്യത്തോടെ അഗാധഗർത്തത്തിൽ വീഴുന്നവർക്ക്, ഈ വഴി വളരെ എളുപ്പമാക്കപ്പെടുന്നു. ദൈവത്തിനുവേണ്ടി തന്റെ ഇന്ദ്രി യാശകളുമായി യുദ്ധം ചെയ്യുന്നവൻ ഭാഗ്യവാൻ. സ്വന്തം ഇന്ദ്രി യാശകൾക്കുവേണ്ടി ദൈവവുമായി മല്ലടിക്കുന്നവരും അവ നോട് ചേരാത്തവരും ഭാഗ്യം കെട്ടവരാണ്. തന്റെ ഇച്ഛയ്ക്കായി ദൈവകല്പനകളെ നിരസിക്കുന്നവൻ ഒരിക്കലും ആകാശ ത്തിൽ പ്രവേശിക്കുകയില്ല. അതുകൊണ്ട് വിശുദ്ധഖുർആന്റെ ഒരു വള്ളിയോ പുള്ളിയോ നിങ്ങൾക്കെതിരിൽ സാക്ഷി പറ യാതിരിക്കാനും അതുമുഖേന നിങ്ങൾ പിടിക്കപ്പെടാതിരി ക്കാനും നിങ്ങൾ പരിശ്രമിക്കുക. കാരണം, ഒരു കടുകളവ് തിന്മ ചെയ്താലും ശിക്ഷയ്ക്കർഹരാകും. സമയം വളരെ കുറ ച്ചേയുള്ളൂ. ചെയ്തുതീർക്കേണ്ട കടമകൾ അസംഖ്യമാണ്. ധിറു തിയിൽ നടക്കുക. ആ സായാഹ്നം അടുത്തെത്തിയിരിക്കുന്നു. ദൈവസന്നിധിയിൽ സമർപ്പിക്കേണ്ടതെന്താണോ അത് അടി ക്കടി നോക്കിക്കൊണ്ടിരിക്കുക. എന്തെങ്കിലും വിട്ടുപോകാനും

അത് നഷ്ടത്തിനു കാരണമാകാനും ഇടയാവരുത്. അല്ലെങ്കിൽ ദൈവത്തിന്റെ തിരുസന്നിധിയിൽ സമർപ്പണാർഹമല്ലാത്ത മലീമസവും ആർക്കും വേണ്ടാത്തതുമായ സാധനങ്ങൾ കൊണ്ടുപോകരുത്.

വിശുദ്ധഖുർആന്റെ ഉന്നതസ്ഥാനം

നിങ്ങളിൽ ചിലർ ഹദീസുകളെ തീരെ വിശ്വസിക്കുന്നില്ലെന്ന് ഞാൻ കേട്ടിരിക്കുന്നു. അങ്ങനെയാണ് അവർ ചെയ്യുന്നതെങ്കിൽ കഠോരമായ തെറ്റാണ് ചെയ്യുന്നത്. അങ്ങനെ ചെയ്യാൻ ഞാൻ ഉപദേശിച്ചിരുന്നില്ല. നിങ്ങളുടെ സന്മാർഗ്ഗത്തിനായി അല്ലാഹു നിങ്ങൾക്ക് മൂന്നുകാര്യങ്ങൾ നല്കിയിരിക്കുന്നു എന്നാണ് എന്റെ മതം. അവയിൽ പ്രഥമസ്ഥാനം ഖുർആനാണ്. ഇതിൽ അല്ലാഹുവിന്റെ ഏകത്വത്തേയും പ്രതാപത്തേയും മഹത്വത്തേയും കുറിച്ച് പറഞ്ഞിരിക്കുന്നു. യഹൂദികളിലും ക്രിസ്ത്യാനികളിലും ഉണ്ടായിരുന്ന അഭിപ്രായഭിന്നതകളുടെ തീരുമാനം ചെയ്യപ്പെട്ടിരിക്കുന്നു. ഇപ്രകാരംതന്നെ, മനുഷ്യരെ, മൃഗങ്ങളെ, സൂര്യനെ, ചന്ദ്രനെ, മറ്റേതെങ്കിലും നക്ഷത്രത്തെ, കാര്യകാരണങ്ങളെ, സ്വന്തം ഇന്ദ്രിയാശകളെ, അല്ലാഹുവിനെ കൂടാതെ ആരാധിക്കുന്നതും വിശുദ്ധഖുർആനിൽ വിലക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ കരുതിയിരിക്കുക. അല്ലാഹുവിന്റെ ഉപദേശത്തിനും ഖുർആന്റെ നിർദ്ദേശത്തിനുമെതിരെ ഒരു ചുവടുപോലും എടുത്തുവയ്ക്കരുത്. ഞാൻ നിങ്ങളോടു സത്യം സത്യമായും പറയുന്നു: വിശുദ്ധഖുർആനിലെ 700 കല്പനകളിൽനിന്ന് ഒരു ചെറിയ കല്പനയെപ്പോലും നിരസിക്കുന്നവൻ തനിക്കായി മോക്ഷത്തിന്റെ വാതിൽ സ്വകരംകൊണ്ട് അടയ്ക്കുകയാണ് ചെയ്യുന്നത്. പരമാർത്ഥപരവും പരിപൂർണ്ണവുമായ മോക്ഷത്തിന്റെ വഴികൾ വിശുദ്ധഖുർആൻ തുറന്നു. മറ്റുള്ളതെല്ലാം അതിന്റെ ഛായയായിരുന്നു. അതുകൊണ്ട് നിങ്ങൾ വിശുദ്ധഖുർആൻ ഗ്രഹിച്ചു പാരായണം ചെയ്യുക. മറ്റൊന്നിനോടും പുലർത്തിയിട്ടില്ലാത്തവിധം നിങ്ങൾ അതിനെ വളരെയധികം സ്നേഹിക്കുക. എന്തുകൊണ്ടെന്നാൽ അല്ലാഹു

എന്നെ സംബോധന ചെയ്തു പറഞ്ഞു. اَلْخَيْرُ كُلُّهٗ فِي الْقُرْاٰنِ എല്ലാവിധത്തിലുള്ള നന്മകളും വിശുദ്ധഖുർആനിലുണ്ട്. യഥാർത്ഥ കാര്യം ഇതുതന്നെയാണ്. അതിനേക്കാൾ മറ്റു വസ്തുക്കളെ മുന്തിക്കുന്നവരുടെമേൽ അഹോ കഷ്ടം. നിങ്ങളുടെ സകലവിജയങ്ങളുടേയും മോക്ഷത്തിന്റേയും ഉറവിടം ഖുർആനിലാണുള്ളത്. നിങ്ങളുടെ മതപരമായ ഒരാവശ്യവും വിശുദ്ധഖുർആനിൽ കാണാത്തതായില്ല. പുനരത്ഥാനനാളിൽ നിങ്ങളുടെ വിശ്വാസത്തെ സത്യപെടുത്തുകയോ വ്യാജപ്പെടുത്തുകയോ ചെയ്യുന്നത് ഖുർആനാണ്. നിങ്ങൾക്ക് നേരിട്ട് സന്മാർഗ്ഗം നല്കാൻ കഴിവുറ്റ ഗ്രന്ഥം ആകാശത്തിൻകീഴിൽ ഖുർആനല്ലാതെ മറ്റൊന്നില്ല. വിശുദ്ധഖുർആൻ പോലുള്ള ഗ്രന്ഥം നിങ്ങൾക്ക് ദാനം ചെയ്ത് അല്ലാഹു നിങ്ങളോട് ഒരുപാട് ഔദാര്യം ചെയ്തിരിക്കുന്നു. നിങ്ങൾക്ക് അവതരിപ്പിക്കപ്പെട്ട ആ ഗ്രന്ഥം ക്രിസ്ത്യാനികൾക്ക് അവതരിച്ചിരുന്നെങ്കിൽ അവർ നശിക്കുമായിരുന്നില്ലെന്നും നിങ്ങൾക്ക് നല്കപ്പെട്ട ഈ അനുഗ്രഹവും സന്മാർഗ്ഗവും തൗറാത്തിനുപകരം യഹൂദികൾക്ക് നല്കിയിരുന്നെങ്കിൽ അവരിലെ ചില കക്ഷികൾ പരലോകനിഷേധികളാകുമായിരുന്നില്ലെന്നും ഞാൻ സത്യമായും നിങ്ങളോട് പറയുന്നു. അതുകൊണ്ട് നിങ്ങൾക്ക് നല്കപ്പെട്ടിരിക്കുന്ന ഈ അനുഗ്രഹത്തെ ആദരിക്കുക. ഇത് അങ്ങേയറ്റം പ്രിയങ്കരമായ അനുഗ്രഹമാണ്. ഇത് വലിയ സമ്പത്താണ്. ഖുർആൻ വന്നില്ലായിരുന്നെങ്കിൽ മുഴുലോകവും അഴുകിയ മാംസപിണ്ഡംപോലെയാകുമായിരുന്നു. അതാണ് ഖുർആൻ. ഇതിനെതിരിൽ എല്ലാ സന്മാർഗ്ഗങ്ങളും നിഷ്ഫലമാണ്.

മനുഷ്യൻ ബാഹ്യവും ആന്തരികവുമായ അന്തസ്സ് ആഗ്രഹിക്കാതിരുന്നാൽ ഒരാഴ്ചകൊണ്ട് ഖുർആന് അവനെ പരിശുദ്ധമാക്കാൻ സാധിക്കും. ഖുർആനിൽനിന്ന് സ്വയം ഓടിയകലാതിരുന്നാൽ നിങ്ങളെ നബിമാരെപ്പോലെ ആക്കിത്തീർക്കാൻ ഖുർആന് കഴിയും. ഖുർആനല്ലാതെ മറ്റേതു ഗ്രന്ഥമാണ് അതിന്റെ തുടക്കത്തിൽതന്നെ അതിന്റെ അനുവാചകരെ

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ എന്ന പ്രാർത്ഥന പഠിപ്പിക്കുകയും അവർക്ക് പ്രതീക്ഷ നല്കുകയും ചെയ്തിട്ടുള്ളത്. അതായത് നബിയും റസൂലും സിദ്ദീഖും ശഹീദും സ്വാലിഹുമായിട്ടുള്ള ഞങ്ങളുടെ മുൻകഴിഞ്ഞുപോയവർക്ക് കാണിക്കപ്പെട്ട നിന്റെ അനുഗ്രഹങ്ങളുടെ വഴി ഞങ്ങൾക്കു കാണിച്ചുതന്നാലും. അതുകൊണ്ട് സ്വന്തം നിശ്ചയദാർഢ്യങ്ങളെ മികച്ചതാക്കിത്തീർക്കുക. ഖുർആൻ മുൻകഴിഞ്ഞവർക്കു നല്കിയ അനുഗ്രങ്ങൾ മാത്രമല്ല നിങ്ങൾക്ക് തരാൻ ആഗ്രഹിക്കുന്നത് മറിച്ച്, അവരേക്കാൾ കൂടുതൽ ഉപകാരം നിങ്ങൾക്ക് ചെയ്തുതരിക എന്നതാണ് അല്ലാഹുവിന്റെ തീരുമാനം. അതുകൊണ്ട് ഖുർആന്റെ ക്ഷണം നിരസിക്കാതിരിക്കുക. അല്ലാഹു നിങ്ങളെ അവരുടെ ആത്മീയവും ഭൗതികവുമായ സാധനസാമഗ്രികളുടേയും സമ്പത്തിന്റേയും അനന്തരാവകാശികളാക്കിയിരിക്കുന്നു. എന്നാൽ, അന്ത്യനാൾവരെ നിങ്ങളുടെ അവകാശിയായി മറ്റാരും ഉണ്ടായിരിക്കുകയില്ല. അല്ലാഹു തന്റെ വഹ്‌യ്, ഇൽഹാം, ദൈവഭാഷണം എന്നീ അനുഗ്രഹങ്ങളിൽനിന്ന് ഒരിക്കലും നിങ്ങളെ മാറ്റിനിർത്തുകയില്ല. മുൻകഴിഞ്ഞവർക്ക് നല്കപ്പെട്ട എല്ലാ അനുഗ്രഹങ്ങളും നിങ്ങളിൽ അവൻ പൂർത്തിയാക്കുന്നതാണ്. എന്നാൽ ആരാണോ അഹങ്കാരത്തിന്റെ വഴിയിലൂടെ അല്ലാഹുവിന്റെമേൽ കളവ് കെട്ടിയുണ്ടാക്കുകയും വെളിപാട് ഉണ്ടാകാതിരിക്കെ ഉണ്ടായിയെന്ന് പറയുകയും ചെയ്യുന്നത് അല്ലെങ്കിൽ ദൈവസംസാരവും ദൈവഭാഷണവും തനിക്ക് സിദ്ധിക്കാതിരിക്കെ സിദ്ധിച്ചുവെന്ന് പറയുന്നത് അവൻ നശിപ്പിക്കപ്പെടുമെന്ന് അല്ലാഹുവിനേയും അവന്റെ മലക്കുകളേയും സാക്ഷിനിറുത്തി ഞാൻ പറയുന്നു. എന്തുകൊണ്ടെന്നാൽ, അവൻ തന്റെ സ്രഷ്ടാവിന്റെമേൽ കളവ് കെട്ടുകയും വഞ്ചന കാണിക്കുകയും ചെയ്തിരിക്കുന്നു.

സുന്നത്തിന്റെ സ്ഥാനം

മുസ്‌ലിംകൾക്ക് നല്കപ്പെട്ടിട്ടുള്ള ഹിദായത്ത്- സന്മാർഗ്ഗത്തിന്റെ രണ്ടാമത്തെ മാർഗ്ഗം സുന്നത്ത് ആകുന്നു. അതായ

ത്, നബി(സ) തിരുമേനി വിശുദ്ധഖുർആന്റെ കല്പനകളുടെ വിശദീകരണത്തിനായി ചെയ്തുകാണിച്ച പ്രവർത്തനപരമായ കാര്യങ്ങളാകുന്നു. ഉദാഹരണത്തിന് അഞ്ചുനേര നമസ്കാരങ്ങളുടെ റക്അത്തുകൾ എത്രയാണെന്ന് വിശുദ്ധഖുർആനിൽനിന്ന് പ്രത്യക്ഷത്തിൽ മനസ്സലാകുന്നില്ല. സുബ്ഹി എത്രയാണെന്നും, മറ്റു സമയങ്ങളിൽ എത്രയെത്ര റക്അത്താണെന്നും മനസ്സിലാകുന്നില്ല. എന്നാൽ, സുന്നത്ത്- നബിചര്യ എല്ലാം വ്യക്തമാക്കിത്തന്നിരിക്കുന്നു. സുന്നത്തും ഹദീസും ഒരു കാര്യംതന്നെയാണെന്ന് കരുതി വഞ്ചന പറ്റാൻ പാടില്ല. എന്തുകൊണ്ടെന്നാൽ, ഹദീസ് നൂറ്, നൂറ്റമ്പത് വർഷത്തിനു ശേഷം ശേഖരിക്കപ്പെട്ടതാണ്. എന്നാൽ വിശുദ്ധഖുർആനോടൊപ്പംതന്നെ സുന്നത്ത് നിലവിലുണ്ട്. വിശുദ്ധഖുർആനു ശേഷം മുസ്ലിംകളുടെമേലുള്ള വലിയ സഹായം സുന്നത്തിന്റേതാണ്. അല്ലാഹുവിന്റേയും റസൂലിന്റേയും കർത്തവ്യം വെറും രണ്ട് കാര്യങ്ങളായിരുന്നു. അല്ലാഹു വിശുദ്ധഖുർആൻ ഇറക്കുകയും താനെന്താണ് ഉദ്ദേശിക്കുന്നതെന്ന് തന്റെ തിരുവചനംകൊണ്ട് സൃഷ്ടികൾക്ക് അറിയിച്ചുകൊടുക്കുകയും ചെയ്യുക എന്നതാണത്. ഇത് ദൈവനിയമത്തിന്റെ കർത്തവ്യമാകുന്നു. അല്ലാഹുവിന്റെ ഗ്രന്ഥത്തെ പ്രാവർത്തികമായനിലയിൽ കാണിച്ച് ജനങ്ങൾക്ക് നല്ലവണ്ണം മനസ്സിലാക്കിക്കൊടുക്കേണ്ടത് നബി(സ) തിരുമേനിയുടെ കടമയായിരുന്നു. അതുകൊണ്ട് ആ പറഞ്ഞകാര്യങ്ങൾ നബി(സ) തിരുമേനി ചെയ്തു കാണിക്കുകയും തന്റെ സുന്നത്ത് അതായത് പ്രവർത്തനപരമായ കൃത്യങ്ങളിലൂടെ ദുഷ്കരവും പ്രയാസകരവുമായ പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്തു. ഇങ്ങനെ പരിഹരിച്ചത് ഹദീസിലൂടെയാണെന്ന് പറയുന്നത് ശരിയല്ല. കാരണം, ഹദീസ് നിലവിൽ വരുന്നതിനുമുമ്പേ ഇസ്ലാം ഭൂമിയിൽ സ്ഥാപിതമായിക്കഴിഞ്ഞിരുന്നു. ഹദീസുകൾ ശേഖരിക്കപ്പെടുന്നതിനുമുമ്പേ ജനങ്ങൾ നമസ്കരിച്ചിരുന്നില്ലേ? സക്കാത്ത് കൊടുത്തിരുന്നില്ലേ? ഹജ്ജ് ചെയ്തിരുന്നില്ലേ? അനുവദനീയവും നിഷിദ്ധവുമായ കാര്യങ്ങൾ അറിഞ്ഞിരുന്നില്ലേ?

ഹദീസിന്റെ സ്ഥാനം

അതേ! സന്മാർഗ്ഗത്തിന്റെ മൂന്നാമത്തെ മാർഗ്ഗം ഹദീസാകുന്നു. കാരണം ഇസ്‌ലാമിന്റെ ചരിത്രപരവും ധാർമ്മികപരവും കർമ്മശാസ്ത്രപരവുമായ കാര്യങ്ങളെ ഹദീസുകൾ തുറന്ന നിലയിൽ വിശദീകരിക്കുന്നു. അതുകൊണ്ടുള്ള വലിയ പ്രയോജനം അത് ഖുർആന്റെയും സുന്നത്തിന്റേയും സേവകനാണെന്നതാണ്. ആർക്കാണോ ഖുർആന്റെ സാഹിത്യം നല്കപ്പെട്ടിട്ടില്ലാത്തത് അവൻ ഇക്കാലഘട്ടത്തിൽ ഹദീസ്, ഖുർആന്റെ വിധികർത്താവാണെന്ന് പറയുന്നു; യഹൂദികൾ തങ്ങളുടെ ഹദീസുകളെക്കുറിച്ച് പറഞ്ഞതുപോലെ. എന്നാൽ, നാം ഹദീസിനെ ഖുർആന്റേയും സുന്നത്തിന്റേയും സേവകനെന്നാണ് പറയുന്നത്. യജമാനന്റെ പകിട്ട് സേവകരുള്ളതുകൊണ്ട് വർദ്ധിക്കുമെന്നത് വ്യക്തമാണ്. ഖുർആൻ അല്ലാഹുവിന്റെ വാക്കും സുന്നത്ത് നബി(സ) തിരുമേനിയുടെ പ്രവൃത്തിയുമാണ്. ഹദീസ്, സുന്നത്തിനെ ബലപ്പെടുത്തുന്ന ഒരു സാക്ഷിയുമാണ്. നഊദുബില്ലാഹ് ഹദീസ് ഖുർആനുമേൽ വിധികർത്താവാണെന്ന് പറയുന്നത് തെറ്റാണ്. ഖുർആനുമേൽ ഏതെങ്കിലും വിധികർത്താവുണ്ടെങ്കിൽ അത് ഖുർആൻ തന്നെയാണ്. വിതർക്കനിലയിലുള്ള ഹദീസ് ഒരിക്കലും ഖുർആന്റെമേൽ വിധികർത്താവാകുകയില്ല. സഹായത്തിനുള്ള തെളിവ് എന്ന നിലയ്ക്കു മാത്രമാണത്. ഖുർആനും സുന്നത്തും യഥാർത്ഥമായ പ്രവൃത്തിയെല്ലാം ചെയ്തുകാണിച്ചു. ഹദീസ് അതിനെ സഹായിക്കുന്ന സാക്ഷി മാത്രമാണ്. ഹദീസിനെങ്ങനെയാണ് ഖുർആന്റെമേൽ വിധികർത്താവാകാൻ സാധിക്കുക? മനുഷ്യനിർമ്മിതമായ ഈ കർത്താവിന്റെ പേരും അടയാളവും ഇല്ലാതിരുന്ന കാലത്തും ഖുർആനും സുന്നത്തും നേർമാർഗ്ഗം കാണിച്ചുകൊണ്ടിരുന്നു. അതുകൊണ്ട് ഹദീസ് ഖുർആന്റെമേൽ വിധികർത്താവ് ആണെന്ന് പറയരുത്. മറിച്ച്, ഖുർആനും സുന്നത്തിനും സഹായിയാണ് ഹദീസ് എന്നു പറഞ്ഞുകൊള്ളുക. എന്നാൽ സുന്നത്ത്, ഖുർആന്റെ താല്പര്യം പ്രകടിപ്പിക്കുന്ന

ഒരു സംഗതിയാണ്. നബി(സ) തിരുമേനി കർമ്മപരമായനില യിൽ സ്വഹാബത്തിനെ നടത്തിയിരുന്ന ആ വഴിയാണ് സുന്ന ത്തുകൊണ്ടുദ്ദേശിക്കുന്നത്. സുന്നത്ത് എന്ന് പറയുന്നത് 100, 150 വർഷങ്ങൾക്കുശേഷം ഗ്രന്ഥങ്ങളിൽ എഴുതപ്പെട്ട കാര്യ ങ്ങളുടെ പേരല്ല, അക്കാര്യങ്ങളുടെ പേർ ഹദീസ് എന്നാണ്. സാത്വികരായ മുസ്‌ലിംകൾ കർമ്മപരമായ നിലയിൽ ആരംഭം തൊട്ടേ നടന്നുവന്ന ആ കർമ്മപരമായ മാതൃകയുടെ പേരാണ് സുന്നത്ത്. ഇതിന് ആയിരക്കണക്കിന് മുസ്‌ലിംകളെ ഏർപ്പെ ടുത്തിയിരുന്നു. അതേ! ഹദീസിന്റെ അധികഭാഗവും വിതർക്ക ത്തിന്റെ നിലയിലുള്ളതാണെങ്കിലും ഖുർആനും സുന്നത്തു മായി ഇടയാതിരുന്നാൽ പ്രമാണാർഹവും ഖുർആന്റേയും സുന്നത്തിന്റേയും സഹായിയുമാണ്. ഇസ്‌ലാമികമായ പ്രശ്ന ങ്ങളുടെ ധാരാളം ഖജനാവുകൾ അതിനുള്ളിലുണ്ട്.

അതുകൊണ്ട് ഹദീസിനെ അവഗണിക്കുക എന്നത് ഇസ്‌ലാ മിന്റെ ഒരു അവയവം മുറിച്ചുകളയുന്നതുപോലെയാണ്. ഖുർ ആനും സുന്നത്തിനും വിരുദ്ധമായിട്ടുള്ള ഹദീസുകളും ഖുർ ആന്റെ അദ്ധ്യാപനങ്ങൾക്കനുസൃതമായ ഹദീസിനെതിരാ യുള്ള ഹദീസും, ഉദാഹരണത്തിന് സഹീഹ് ബുഖാരിയ്ക്കെ തിരായുള്ള ഹദീസ്- സ്വീകാരാർഹമായിരിക്കുകയില്ല. എന്തു കൊണ്ടെന്നാൽ, അതിനെ സ്വീകരിക്കുന്നതുകൊണ്ട് ഖുർആ നേയും ഖുർആൻ അനുസരിച്ചുള്ള ആ എല്ലാ ഹദീസുകളേയും നിഷേധിക്കേണ്ടതായിവരുന്നു. ഖുർആനും സുന്നത്തിനും എതി രായിട്ടുള്ളതും ഖുർആനികാദ്ധ്യാപനങ്ങൾക്കനുസൃതമായ ഹദീസുകൾക്കെതിരായിട്ടുള്ളതുമായ ഹദീസുകളെ വിശ്വസി ക്കാൻ മതാചാരങ്ങളിൽ ഉറച്ചുനില്ക്കുന്ന ഒരാളും തന്റേടം കാണിക്കുകയില്ലെന്ന് എനിക്കറിയാം. എന്തായാലും ഹദീസു കളെ ആദരിക്കുകയും നബി(സ) തിരുമേനിയുമായി ബന്ധ പ്പെടുത്തിയിരിക്കുന്ന ഹദീസുകളെ പ്രയോജനപ്പെടുത്തുകയും ചെയ്യുക. ഖുർആനും സുന്നത്തും അവയെ നിഷേധിക്കാത്തി ടത്തോളംകാലം നിങ്ങളും അവയെ നിഷേധിക്കാതിരിക്കുക.

എന്നല്ല, നബി(സ) തിരുമേനിയുടെ ഹദീസനുസരിച്ച് പ്രവർത്തിക്കുന്നവരായിത്തീരേണ്ടതാണ്. എത്രമാത്രമെന്നാൽ, അതിനെതിരിൽ ഒന്നും ചെയ്യാതിരിക്കുകയും ഒന്നും അനങ്ങാതിരിക്കുകയും ഒന്നും പ്രവൃത്തിക്കാതിരിക്കുകയും അതിന്നനുസരിച്ചുള്ള പ്രവൃത്തി ഉപേക്ഷിക്കാതിരിക്കുകയും വേണം; അത് ശരിയല്ലെന്ന് സമർത്ഥിക്കാൻ നിങ്ങളുടെ പക്കൽ എന്തെങ്കിലും ഹദീസുണ്ടായാലൊഴികെ.

എന്നാൽ: (1) വിശുദ്ധഖുർആൻ പറഞ്ഞിട്ടുള്ള വൃത്താന്തങ്ങൾക്ക് കടകവിരുദ്ധമായ ഏതെങ്കിലും ഹദീസാണെങ്കിൽ, അതിനെ ഖുർആനുമായി താരതമ്യപ്പെടുത്താൻ ശ്രമിക്കുക. ഒരുപക്ഷേ, ആ വൈരുദ്ധ്യം നിങ്ങളുടെതന്നെ തെറ്റുകൊണ്ടാകും. ഒരുവിധത്തിലും ആ വൈരുദ്ധ്യം നീങ്ങുന്നില്ലെങ്കിൽ അത് നബി(സ) പറഞ്ഞതല്ലെന്നു കരുതി തള്ളിക്കളയുക.

(2) ഏതെങ്കിലും ഹദീസ് ദുർബലവും എന്നാൽ ഖുർആനുമായി യോജിക്കുന്നതുമാണെങ്കിൽ അതിനെ സ്വീകരിക്കുക. കാരണം ഖുർആൻ അതിനെ സാക്ഷ്യപ്പെടുത്തുന്നു.

പ്രവചനങ്ങളിലധിഷ്ഠിതമായ ഹദീസുകൾ

(3) പ്രവചനങ്ങളിലധിഷ്ഠിതമായ ഏതെങ്കിലും ഹദീസ്, ഹദീസ് പണ്ഡിതന്മാരുടെ പക്കൽ ദുർബലമായിരിക്കുകയും, എന്നാൽ നിങ്ങളുടെ കാലത്തോ അതിനുമുമ്പേയോ ആ ഹദീസിലെ പ്രവചനം സത്യമായി പുലരുകയും ചെയ്തിട്ടുണ്ടെങ്കിൽ ആ ഹദീസ് സത്യമാണെന്ന് മനസ്സിലാക്കിക്കൊള്ളുക. ആ ഹദീസ് ബലഹീനവും കൃത്രിമവുമെന്ന് പറഞ്ഞ ഹദീസു പണ്ഡിതന്മാരും നിവേദകന്മാരും അബദ്ധം പിണഞ്ഞവരാണെന്നും കള്ളം പറയുന്നവരാണെന്നും കരുതുക. പ്രവചനങ്ങളടങ്ങിയിട്ടുള്ള നൂറുകണക്കിന് അത്തരം ഹദീസുകളുണ്ട്. അവയിൽ അധികവും ഹദീസുപണ്ഡിതന്മാരുടെ ദൃഷ്ടിയിൽ വിഛിന്നവും കല്പിതവും ദുർബലവുമാണ്. അവയിൽ ഏതെങ്കിലും ഹദീസ് പുലരുകയും എന്നാൽ, ദുർബലമായ ഹദീ

സായതുകൊണ്ടും അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും നിവേദകർ സത്യസന്ധനല്ലെന്ന് പറഞ്ഞുകൊണ്ടും അതിനെ അംഗീകരിക്കാതെ തള്ളിക്കളയുകയും അല്ലാഹു സത്യമായി പുലർത്തിക്കാണിച്ച ഹദീസിനെ വിസമ്മതിക്കുകയും ചെയ്താൽ നിങ്ങളുടെ വിശ്വാസപാതകമായിരിക്കുമത്. ഹദീസു പണ്ഡിതന്മാരുടെ ദൃഷ്ടിയിൽ ദുർബലമായ അത്തരം ആയിരം ഹദീസുണ്ടാകുകയും എന്നാൽ ആ ആയിരം പ്രവചനം സത്യമായി പുലരുകയും ചെയ്താൽ, നിങ്ങൾ ആ ഹദീസുകളെ ദുർബലമെന്ന് പറഞ്ഞുകൊണ്ട് ഇസ്ലാമിന്റെ ആയിരം തെളിവിനെ നഷ്ടപ്പെടുത്തിക്കളയുകയല്ലേ ചെയ്യുന്നത്. അത്തരം പരിതസ്ഥിതിയിൽ നിങ്ങൾ ഇസ്ലാമിന്റെ ശത്രുക്കളായിരിക്കും. അല്ലാഹു പറയുന്നു. فَلَا يُظْهِرُ عَلَىٰ غَيْبِهِ أَحَدًا إِلَّا مَنِ ارْتَضَىٰ مِن رَّسُولٍ അതുകൊണ്ട് സത്യമായ പ്രവചനം സത്യവാനായ റസൂലുമായിട്ടല്ലാതെ മറ്റാരുമായിട്ടാണ് ബന്ധിപ്പിക്കാൻ കഴിയുക. അത്തരം ഘട്ടത്തിൽ സഹീഹായ ഹദീസിനെ ദുർബലമെന്നു പറയുന്നതിൽ ഏതോ ഹദീസുപണ്ഡിതന് തെറ്റു സംഭവിച്ചു എന്നു പറയുന്നതല്ലേ സത്യസന്ധത? അല്ലെങ്കിൽ, വ്യാജമായ ഹദീസിനെ സത്യപ്പെടുത്തിക്കാണിച്ച ദൈവത്തിനു തെറ്റുപറ്റിപ്പോയെന്ന് പറയുന്നതാണോ ശരി?

(4) ഹദീസ് ദുർബലമായ പദവിയിലുള്ളതാണെങ്കിലും, ഖുർആനും സുന്നത്തിനും ഖുർആന് അനുസൃതമായ ഹദീസുകൾക്കും എതിരല്ലായെങ്കിൽ ആ ഹദീസ് അനുസരിച്ച് പ്രവർത്തിക്കുക.

പക്ഷേ, വളരെ സൂക്ഷ്മതയോടെ ഹദീസുകൾ അനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്. കാരണം ഇസ്ലാമിൽ കുഴപ്പങ്ങൾ സൃഷ്ടിച്ച കല്പിതങ്ങളായ ഒരുപാട് ഹദീസുകളുമുണ്ട്. ഓരോ കക്ഷിയും തങ്ങളുടെ വിശ്വാസമനുസരിച്ച് ഹദീസ് കൈയിൽ വയ്ക്കുന്നവരാണ്. എത്രത്തോളമെന്നാൽ നമസ്കാരം പോലുള്ള ദൃഢപരവും ഇടമുറിയാതെ നടന്നുവന്നതുമായ നിർബന്ധകാര്യങ്ങളെപ്പോലും ഹദീസുകളുടെ ഭിന്ന

തകൾ വിവിധ രൂപത്തിലാക്കിത്തീർത്തിരിക്കുന്നു. ചിലർ ആമീൻ ഉറക്കെ പറയുന്നു; ചിലർ പതുക്കെ. ചിലർ ഇമാമിനു വിധേയനായി ഫാതിഹ ഓതുന്നു. അങ്ങനെ ഓതുന്നതു കൊണ്ട് നമസ്കാരം മുറിഞ്ഞുപോകുമെന്ന് ചിലർ പറയുന്നു. ചിലർ നെഞ്ചത്ത് കൈകെട്ടുന്നു; ചിലർ നാഭിയിൽ. ഈ ഭിന്നതക ളുടെ യഥാർത്ഥ കാരണം ഹദീസുകൾ തന്നെയാണ്. كُلُّ حِزْبٍ بِمَا لَدَيْهِمْ فَرِحُوْنَ (എല്ലാ ഓരോ കക്ഷിയിലും താന്താങ്ങളുടെ പക്കലുള്ളതിൽ സന്തുഷ്ടരാണ്. 23:54) എന്നാൽ, സുന്നത്ത് ഒരേയൊരു രീതിയെ പറഞ്ഞിരുന്നുള്ളൂ. പിന്നീട് നിവേദനങ്ങ ളുടെ കടന്നുകയറ്റം ഈ രീതിയ്ക്ക് ഇളക്കമുണ്ടാക്കി.

പാപമോചനത്തിനുള്ള വഴി പൂർണ്ണമായ വിശ്വാസം മാത്രമാണ്

അല്ലയോ ദൈവാന്വേഷികളേ! ചെവി തുറക്കുകയും കേൾക്കുകയും ചെയ്യുക. യഖീൻ അഥവാ ദൃഢവിശ്വാസം പോലെ മറ്റൊന്നുമില്ല. ദൃഢവിശ്വാസമൊന്നുമാത്രമാണ് പാപ ങ്ങളിൽനിന്ന് മുക്തി നല്കുന്നത്. സൽക്കർമ്മങ്ങൾ ചെയ്യാ നുള്ള ശക്തി പകരുന്നതും ദൃഢവിശ്വാസം തന്നെയാണ്. ദൈവ ത്തിന്റെ പ്രേമിയും സത്യസന്ധനുമാക്കിത്തീർക്കുന്നതും ദൃഢ വിശ്വാസംതന്നെ. ദൃഢവിശ്വാസം കൂടാതെ നിങ്ങൾക്ക് പാപത്തെ ഉപേക്ഷിക്കാൻ പറ്റുമോ? സംശയരഹിതമായ വെളിച്ചമില്ലാതെ ഇന്ദ്രിയാശകളിൽനിന്ന് നിങ്ങൾക്ക് വിട്ടുനില്ക്കാൻ കഴിയുമോ? ദൃഢവിശ്വാസമില്ലാതെ എന്തെങ്കിലും സമാധാനം നിങ്ങൾക്ക് പ്രാപിക്കാൻ സാധിക്കുമോ? ദൃഢവിശ്വാസമില്ലാതെ യഥാർത്ഥ മായ എന്തെങ്കിലും പരിവർത്തനം ഉണ്ടാക്കാൻ നിങ്ങൾക്കു കഴിയുമോ? ദൃഢവിശ്വാസം കൂടാതെ എന്തെങ്കിലും യഥാർത്ഥ മായ സന്തോഷം നിങ്ങൾക്ക് കൈവരിക്കാൻ സാധിക്കുമോ? നിങ്ങളിൽനിന്ന് പാപം അകറ്റാൻ ഉതകുന്ന എന്തെങ്കിലും പാപ പരിഹാര സിദ്ധാന്തമോ മോചനദ്രവ്യമോ ആകാശത്തിൻകീഴി ലുണ്ടോ? മർയമിന്റെ പുത്രനായ ഈസായുടെ കൃത്രിമരക്തം പാപത്തിൽനിന്ന് വിടുതൽ നല്കുമോ? ക്രിസ്ത്യാനികളേ! ഭൂമി പൊട്ടിപിളരുന്ന അത്തരം കളവുകൾ നിങ്ങൾ പറയരുത്. യേശു

തന്നെയും സ്വന്തം പാപമുക്തിക്കുവേണ്ടി ദൃഢവിശ്വാസത്തിന് ആശ്രിതനായിരുന്നു. അദ്ദേഹം ദൃഢമായി വിശ്വസിക്കുകയും മോക്ഷം പ്രാപിക്കുകയും ചെയ്തു. തങ്ങൾ മിശിഹായുടെ രക്തംകൊണ്ട് പാപത്തിൽനിന്നും മോക്ഷം നേടി എന്നു പ്രചരിപ്പിച്ച് ജനങ്ങളെ വഞ്ചിച്ചുകൊണ്ടിരിക്കുന്ന ക്രിസ്ത്യാനികളുടെമേൽ അഹോ! കഷ്ടം. വാസ്തവത്തിൽ അവർ അടിമുതൽ മുടിവരെ പാപത്തിൽ മുങ്ങിയിരിക്കുകയാണ്. അവരുടെ ദൈവം ആരാണെന്ന് അവർക്കറിയില്ല. എന്നല്ല അവരുടെ ജീവിതംതന്നെ അശ്രദ്ധ നിറഞ്ഞതാണ്. മദ്യത്തിന്റെ ലഹരി അവരുടെ തലച്ചോറിലുണ്ട്. എന്നാൽ ആകാശത്തുനിന്നിറങ്ങുന്ന ആ പരിശുദ്ധലഹരിയെക്കുറിച്ച് അവർ അജ്ഞരാണ്. ദൈവത്തോടൊപ്പമുള്ളതും പരിശുദ്ധജീവിതത്തിന്റെ ഫലമുളവാക്കുന്നതുമായ ജീവിതത്തിൽനിന്ന് അവർ ദൗർഭാഗ്യരാണ്. ദൃഢവിശ്വാസമില്ലാതെ ജീവിതാന്ധകാരത്തിൽനിന്ന് പുറത്തേക്കുവരാൻ നിങ്ങൾക്കു സാധിക്കുകയില്ലെന്ന് ഓർമ്മിച്ചുകൊള്ളുക. റൂഹുൽഖുദ്സ്- പരിശുദ്ധാത്മാവിനെ നിങ്ങൾക്ക് കിട്ടുകയുമില്ല. ദൃഢവിശ്വാസം കൈക്കൊണ്ടവർ അനുഗ്രഹീതരാണ്. കാരണം അവർ ദൈവത്തെ കാണും. സംശയങ്ങളിൽനിന്നും സന്ദേഹങ്ങളിൽനിന്നും മോചനം പ്രാപിച്ചവർ ഭാഗ്യവാന്മാരാണ്. കാരണം അവർ പാപത്തിൽനിന്ന് മോക്ഷം പ്രാപിക്കും. ദൃഢവിശ്വാസത്തിന്റെ സമ്പത്ത് നല്കപ്പെടുന്ന നിങ്ങൾ ഭാഗ്യവാന്മാർ. അതിനുശേഷം നിങ്ങളുടെ പാപത്തിന് അവസാനമുണ്ടാകും. പാപവും ദൃഢവിശ്വാസവും രണ്ടും ഒരിടത്ത് ഒന്നിക്കുകയില്ല. മാളത്തിൽ ഉഗ്രവിഷമുള്ള പാമ്പിനെ കണ്ടുകൊണ്ടിരിക്കെ നിങ്ങൾക്കതിൽ കൈയിടാൻ സാധിക്കുമോ? അഗ്നിപർവ്വതത്തിന്റെ കല്ലുകൾ വർഷിക്കുകയോ ഇടിമിന്നൽ പതിക്കുകയോ രക്തദാഹിയായ ഒരു സിംഹത്തിന്റെ ആക്രമണം ഉണ്ടാകുകയോ നാശകാരിയായ പ്ലേഗ് മനുഷ്യവംശത്തെതന്നെ ഉന്മൂലനംചെയ്തുകൊണ്ടിരിക്കുകയോ ചെയ്യുന്ന സ്ഥലത്ത് നിങ്ങൾക്ക് നില്ക്കാൻ കഴിയുമോ? പാമ്പിന്റെമേലും ഇടിമിന്നലിന്റെമേലും സിംഹത്തിന്റെമേലും പ്ലേഗിന്റെമേലും

ഉള്ള ദൃഢവിശ്വാസംപോലെ നിങ്ങൾക്ക് അല്ലാഹുവിന്റെമേൽ ദൃഢവിശ്വാസമുണ്ടെങ്കിൽ, അവന്നെതിരിൽ ധിക്കാരം കാണിച്ചുകൊണ്ട് ശിക്ഷയുടെ വഴി സ്വീകരിക്കാനോ സത്യസന്ധവും ആത്മാർത്ഥവുമായ ബന്ധം വിച്ഛേദിക്കാനോ സാധ്യമല്ല.

നന്മയ്ക്കും സത്യസന്ധതയ്ക്കും വേണ്ടി വിളിക്കപ്പെട്ടവരേ! നിങ്ങൾ തീർച്ചയായും മനസ്സിലാക്കുക, നിങ്ങളുടെ ഹൃദയം ദൃഢവിശ്വാസത്താൽ നിർഭരമാകുമ്പോഴാണ് അല്ലാഹുവിന്റെ ആകർഷണം നിങ്ങളിൽ ഉണ്ടാകുന്നതും നിങ്ങൾ പാപത്തിന്റെ വെറുക്കപ്പെട്ട പാടുകളിൽനിന്ന് പരിശുദ്ധരാക്കപ്പെടുന്നതും. ദൃഢവിശ്വാസം ലഭിച്ചിട്ടുണ്ടെന്ന് നിങ്ങൾ പറഞ്ഞേക്കാം. ഇത് നിങ്ങൾക്ക് തെറ്റുപറ്റിയതാണെന്ന് ഓർത്തുകൊള്ളുക. നിങ്ങൾക്കൊരിക്കലും യഖീൻ- ദൃഢവിശ്വാസം ലഭിച്ചിട്ടില്ല. എന്തുകൊണ്ടെന്നാൽ അതിനുവേണ്ടുന്ന നിർബന്ധകാര്യങ്ങൾ നിങ്ങൾക്ക് കിട്ടിയിട്ടില്ല. കാരണം നിങ്ങൾ പാപത്തിൽനിന്ന് പിന്മാറുന്നില്ല. വെക്കേണ്ടുന്നതായ ചുവട് നിങ്ങൾ മുന്നോട്ടു വെക്കുന്നില്ല. ഭയപ്പെടേണ്ടതായ നിലയിൽ നിങ്ങൾ ഭയപ്പെടുന്നില്ല. സ്വയം ചിന്തിച്ചുനോക്കുക, ഇന്ന മാളത്തിൽ പാമ്പുണ്ടെന്ന് ദൃഢവിശ്വാസമുള്ളവൻ എപ്പോഴെങ്കിലും അതിൽ കൈയിടുമോ? തനിക്ക് കിട്ടിയ ഭക്ഷണത്തിൽ വിഷമുണ്ടെന്ന് ദൃഢവിശ്വാസമുള്ളവൻ എപ്പോഴെങ്കിലും അത് തിന്നുമോ? ഇന്ന വനത്തിൽ രക്തം കുടിക്കുന്ന ഒരായിരം സിംഹം ഉണ്ടെന്ന് ദൃഢതരമായ നിലയിൽ കണ്ടുകൊണ്ടിരിക്കുന്ന ഒരാളുടെ പാദങ്ങൾ അജാഗ്രതയോടും അശ്രദ്ധയോടും ആ വനത്തിലേക്ക് ഉയരുമോ? അതുകൊണ്ട് നിങ്ങൾക്ക് അല്ലാഹുവിലും രക്ഷാശിക്ഷയിലും ദൃഢവിശ്വാസമുണ്ടെങ്കിൽ നിങ്ങളുടെ കൈകളും നിങ്ങളുടെ കാലുകളും നിങ്ങളുടെ ചെവികളും നിങ്ങളുടെ കണ്ണുകളും പാപം ചെയ്യാൻ എങ്ങനെ ധൈര്യപ്പെടും? പാപത്തിന് ദൃഢവിശ്വാസത്തിന്റെമേൽ വിജയം വരിക്കാൻ സാധ്യമല്ല. ഭസ്മമാക്കുന്നതും ദഹിപ്പിക്കുന്നതുമായ അഗ്നി കണ്ടുകൊണ്ടിരിക്കെ നിങ്ങൾക്കെങ്ങനെ അതിലേക്ക് നിങ്ങളെ

ഇടാൻ കഴിയും? ദൃഢവിശ്വാസത്തിന്റെ ഭിത്തികൾ ആകാശം മുട്ടേയുണ്ട്. ശയ്ത്താന് അതിൽ കയറാൻ സാധ്യമല്ല.

പരിശുദ്ധരായിത്തീർന്ന ഓരോരുത്തരും ദൃഢവിശ്വാസം കൊണ്ടാണ് പരിശുദ്ധരായിട്ടുള്ളത്. ദൃഢവിശ്വാസം വിഷമം സഹിക്കാനുള്ള ശക്തി നല്കുന്നു. എത്രത്തോളമെന്നാൽ, രാജാവിനെ സിംഹാസനത്തിൽനിന്ന് താഴെയിറക്കുകയും ദാരിദ്ര്യത്തിന്റെ വസ്ത്രം ഉടുപ്പിക്കുകയും ചെയ്യുന്നു. ദൃഢവിശ്വാസം എല്ലാ ഓരോ ദുഃഖത്തേയും ശമിപ്പിക്കുന്നു. ദൃഢവിശ്വാസം അല്ലാഹുവിനെ കാണിച്ചുതരുന്നു. എല്ലാ ഓരോ പാപപരിഹാര സിദ്ധാന്തവും വ്യാജമാണ്. എല്ലാ ഓരോ മോചനദ്രവ്യവും നിരർത്ഥകമാണ്. എല്ലാ ഓരോ പരിശുദ്ധിയും ദൃഢവിശ്വാസത്തിന്റെ വഴിയിലൂടെ വരുന്നു. പാപത്തിൽനിന്ന് മോചിപ്പിക്കുന്നതും ദൈവംവരെ എത്തിക്കുന്നതും സത്യസന്ധതയിലും സ്ഥൈര്യതയിലും മലക്കുകളേക്കാൾ ഉന്നതരാക്കുകയും ചെയ്യുന്നത് ആ ദൃഢവിശ്വാസമാണ്. ദൃഢവിശ്വാസത്തിന്റെ സാധനസാമഗ്രികൾ സമർപ്പിക്കാത്ത മതം വ്യാജമാണ്. ദൃഢപരമായ മാർഗ്ഗങ്ങളിലൂടെ ദൈവത്തെ കാണിക്കാൻ സാധിക്കാത്ത എല്ലാ ഓരോ മതവും വ്യാജമാണ്. പഴങ്കഥകളല്ലാതെ മറ്റൊന്നും സമർപ്പിക്കാനില്ലാത്ത എല്ലാ ഓരോ മതവും വ്യാജമാണ്.

കഥകളിൽ തൃപ്തരാവരുത്

ദൈവം ആദ്യം ഉണ്ടായിരുന്നതുപോലെ ഇപ്പോഴുമുണ്ട്. അവന്റെ ശക്തിപ്രഭാവങ്ങൾ പണ്ടുണ്ടായിരുന്നതുപോലെ ഇപ്പോഴുമുണ്ട്. ദൃഷ്ടാന്തങ്ങൾ കാണിക്കാനുള്ള കഴിവ് അവന് മുമ്പുണ്ടായിരുന്നതുപോലെ ഇപ്പോഴുമുണ്ട്. പിന്നെന്തിനാണ് നിങ്ങൾ കഥകളിൽ മാത്രം തൃപ്തിയടയുന്നത്? ദിവ്യദൃഷ്ടാന്തങ്ങൾ വെറും കഥകൾ മാത്രമായിട്ടുള്ള മതം നാശമടഞ്ഞതാണ്. അതിന്റെ പ്രവചനങ്ങൾ കഥകൾ മാത്രമാണ്. ദൈവം ഇറങ്ങിയിട്ടില്ലാത്ത ജമാഅത്തും നാശമടഞ്ഞതാണ്. അത് ദൃഢ

വിശ്വാസത്തിലൂടെ ദൈവത്തിന്റെ കരങ്ങളാൽ പരിശുദ്ധമായി ല്ല. ശരീരേച്ഛകളുടെ ആനന്ദത്തിനുള്ള സാധനസാമഗ്രികൾ കണ്ട് അതിലേക്ക് മനുഷ്യൻ ആകർഷിക്കപ്പെടുന്നതുപോലെ ദൃഢവിശ്വാസത്തിലൂടെ ആത്മീയമായ ആനന്ദം കൈവരിക്കു മ്പോൾ അവൻ ദൈവത്തിലേക്ക് ആകർഷിക്കപ്പെടുന്നു. അതിന്റെ സൗന്ദര്യം മറ്റുള്ള കാര്യങ്ങളെല്ലാം ഒന്നിനും കൊള്ളാ ത്തവയായി അവന് കാണപ്പെടുംവിധം അവനെ ലഹരിപിടിപ്പി ക്കുകയും ചെയ്യുന്നു. ദൈവത്തെക്കുറിച്ച്- അവന്റെ പ്രതാപ ത്തേയും രക്ഷാശിക്ഷയേയും കുറിച്ച് ദൃഢപരമായ നിലയിൽ അറിവ് ലഭിക്കുമ്പോൾ മനുഷ്യൻ പാപങ്ങളിൽനിന്ന് മുക്തി നേടുന്നു. എല്ലാ ഓരോ ഭയമില്ലായ്മയുടേയും വേര് അറിവി ല്ലായ്മയാണ്. ദൈവത്തിന്റെ സംശയരഹിതമായ ജ്ഞാന ത്തിൽനിന്ന് പങ്കുപറ്റുന്നവൻ നിർഭയനായിരിക്കുകയില്ല. വീട്ടു ടമസ്ഥൻ ശക്തമായൊരു ജലപ്രളയം തന്റെ വീടിനുനേരെ തിരി ഞ്ഞിട്ടുണ്ടെന്നോ അല്ലെങ്കിൽ അല്പം സ്ഥലമൊഴിച്ച് തന്റെ വീടിന്റെ ചുറ്റും അഗ്നി ആളിപ്പടർന്നിട്ടുണ്ടെന്നോ അറിഞ്ഞാൽ, അവന് ആ വീട്ടിൽ നില്ക്കാൻ പറ്റുകയില്ല. ഇങ്ങനെ വരുമ്പോൾ നിങ്ങൾ ദൈവത്തിന്റെ രക്ഷാശിക്ഷയിൽ ദൃഢമായി വിശ്വസി ക്കുന്നുവെന്ന് വാദിച്ചുകൊണ്ട് എങ്ങനെയാണ് നിങ്ങളുടെ ഭയാ നകമായ അവസ്ഥകളിൽ അടിയുറച്ചുനില്ക്കുന്നത്. നിങ്ങൾ കണ്ണ് തുറക്കുകയും ലോകത്ത് മുഴുവനും കണ്ടുവരുന്ന ദൈവ ത്തിന്റെ നിയമങ്ങളെ നോക്കിക്കാണുകയും ചെയ്യുക. കീഴ് ഭാഗത്തേക്കു പോകുന്ന എലിയാകാതെ ആകാശാന്തരീ ക്ഷത്തെ തനിക്കായി ഇഷ്ടപ്പെടുന്ന പ്രാവുകളായി തീരുക. നിങ്ങൾ പശ്ചാത്താപത്തിന്റെ ബയ്അത്ത്- അനുസരണപ്ര തിജ്ഞ ചെയ്തിട്ട് വീണ്ടും പാപത്തിൽ അടിയുറച്ച് നില്ക്കരു ത്. ഉപ്പിളി ഊരിയതിനുശേഷം പാമ്പ്, പാമ്പായിത്തന്നെയിരി ക്കുന്നതുപോലെ നിങ്ങളാകരുത്. നിങ്ങളുടെയടുത്ത് വന്നും പോയുമിരിക്കുന്ന മരണത്തെ ഓർമ്മിക്കുക. നിങ്ങൾ അതിൽ അശ്രദ്ധരാണ്. പരിശുദ്ധരാകാൻ പരിശ്രമിക്കുക. സ്വയം പരി

ശുദ്ധനാകുമ്പോഴാണ് മനുഷ്യൻ പരിശുദ്ധിയാർജ്ജിക്കുന്നത്.

പരിശുദ്ധനാകുന്നതിനുള്ള മാർഗ്ഗം

എന്നാൽ, നിങ്ങൾക്കെങ്ങനെയാണ് ഈ അനുഗ്രഹത്തെ പ്രാപിക്കാൻ കഴിയുക? ഇതിനുള്ള മറുപടി അല്ലാഹുതന്നെ തന്നിരിക്കുന്നു. വിശുദ്ധഖുർആനിൽ ഒരിടത്ത് പറയുന്നു. وَاسْتَعِيْنُوا بِالصَّبْرِ وَالصَّلٰوةِ അതായത് നമസ്കാരവും സഹനവും കൊണ്ട് അല്ലാഹുവിനോടു സഹായം തേടുക. നമസ്കാരം എന്നാൽ എന്താണ്? സ്തോത്രം (തസ്ബീഹ്) ചെയ്തും വീണ്ടും വീണ്ടും സ്തുതിച്ചും (തഹ്മീദ്) പവിത്രത (തഖ്ദീസ്) കാത്തുസൂക്ഷിച്ചും പൊറുക്കലിനെ (ഇസ്തിഗ്ഫാർ) തേടിയും നബി(സ) തിരുമേനിയുടെമേൽ ആശംസകൾ (ദുറൂദ്) നേർന്നുംകൊണ്ട് താണുകേണ് ഇരക്കുന്ന പ്രാർത്ഥനയാണത്. അതുകൊണ്ട് നിങ്ങൾ നമസ്കരിക്കുമ്പോൾ അജ്ഞരായ ആളുകളെപോലെ നിങ്ങളുടെ പ്രാർത്ഥനകളിൽ അറബിപദങ്ങൾ മാത്രം ചൊല്ലുന്നവരാകരുത്. കാരണം അവരുടെ നമസ്കാരവും അവരുടെ പൊറുക്കലിനെ തേടലുമെല്ലാം ആചാരങ്ങളാണ്. അതിനോടൊപ്പം പരമാർത്ഥപരമായ ഒന്നുമില്ല.

എന്നാൽ, നിങ്ങൾ നമസ്കരിക്കുമ്പോൾ അല്ലാഹുവിന്റെ ഗ്രന്ഥമായ ഖുർആനിലും നബി(സ) തിരുമേനിയുടെ വചനങ്ങളായ ഹദീസുകളിലും നമസ്കാരങ്ങളിൽ ഓതാൻ പറഞ്ഞിട്ടുള്ള പ്രാർത്ഥനകൾക്കു പുറമെ സ്വന്തം ഭാഷയിലും താണുകേണു പ്രാർത്ഥിക്കുക- നിങ്ങളുടെ ഹൃദയങ്ങളിലും ആ വിനയത്തിന്റേയും വണക്കത്തിന്റേയും അല്പം സ്വാധീനം ഉണ്ടാകുന്നതിനുവേണ്ടി. വരാൻപോകുന്ന വിപത്തുകൾക്കുള്ള ചികിത്സയാണ് നമസ്കാരം. ഉദിച്ചുയരാൻപോകുന്ന പുതുദിനം നിങ്ങൾക്കെന്താണ് വിധിച്ചിരിക്കുന്നതെന്ന് നിങ്ങൾക്കറിയില്ല. ആ ദിനം ഉദിച്ചുയരുന്നതിനു മുമ്പേ നിങ്ങൾ നിങ്ങളുടെ യജമാനന്റെ തിരുസന്നിധിയിൽ വിലപിക്കുക; നന്മയുടേയും അനുഗ്രഹത്തിന്റേയും ദിവസം നിങ്ങൾക്കായി ഉദിച്ചുയരാൻ.

നേതാക്കളേ! സമ്പന്നരേ!

അല്ലയോ നേതാക്കളേ! നാടുവാഴികളേ! മുതലാളിമാരേ! നിങ്ങളിൽ അല്ലാഹുവിനെ ഭയപ്പെടുന്നവരും അവന്റെ എല്ലാ വഴികളിലും വിശ്വസ്തരായിട്ടുള്ളവരും നന്നേ കുറവാണ്. ഭൗതികമായ സ്വത്തുക്കളെ സ്നേഹിക്കുകയും അതിൽതന്നെ ആയുസ്സ് കഴിക്കുകയും മരണത്തെ മറന്നുപോവുകയും ചെയ്യുന്നവരാണ് അധികവും. നമസ്കരിക്കാതിരിക്കുകയും അല്ലാഹുവിനെ തൊട്ട് അശ്രദ്ധരായിരിക്കുകയും ചെയ്യുന്ന എല്ലാ ഓരോ മുതലാളിയുടേയും കഴുത്തിൽ അയാളുടെ എല്ലാ തൊഴിലാളികളുടേയും ജോലിക്കാരുടേയും പാപമുണ്ട്. മദ്യപിക്കുന്ന ഓരോ മുതലാളിയുടേയും കഴുത്തിൽ അയാളുടെ കീഴിൽ നിന്നുകൊണ്ട് മദ്യപാനത്തിൽ പങ്കാളിയാകുന്ന ഓരോരുത്തരുടേയും പാപമുണ്ട്. അല്ലയോ ബുദ്ധിമാന്മാരേ! ഈ ലോകം ശാശ്വതമായ സ്ഥലമല്ല. നിങ്ങൾ രക്ഷപ്പെട്ടുകൊള്ളുക. നിങ്ങൾ എല്ലാ ഓരോ അന്യായങ്ങളേയും വർജ്ജിക്കുക. എല്ലാ ഓരോ ലഹരിപദാർത്ഥങ്ങളും ഉപേക്ഷിക്കുക. മനുഷ്യനെ നശിപ്പിക്കുന്നത് മദ്യം മാത്രമല്ല, പ്രത്യുത കറുപ്പ്, കഞ്ചാവ്, ഉണ്ടപ്പാരം, ദൻഗ്, കള്ള് തുടങ്ങിയവയും നിത്യശീലമാക്കിത്തീർക്കുന്ന ഓരോ ലഹരിപദാർത്ഥവുമെല്ലാം മസ്തിഷ്ക്കത്തെ കേടുവരുത്തുകയും അവസാനം നശിപ്പിക്കുകയും ചെയ്യുന്നു. അതുകൊണ്ട് നിങ്ങൾ അതിൽനിന്ന് രക്ഷപ്പെടുക. നിങ്ങളെന്തിനാണ് ഇതുപയോഗിക്കുന്നതെന്ന് നമുക്കറിയില്ല, ഇതിന്റെ ദുർഗ്ഗതിയാൽ ഓരോ വർഷവും നിങ്ങളെപ്പോലെ മദ്യശീലക്കാരായ ആയിരക്കണക്കിനാളുകൾ ഈ ലോകത്തുനിന്ന് വിടപറഞ്ഞുപോകുന്നു. കൂടാതെ പരലോകശിക്ഷയുമുണ്ട്. നിങ്ങളുടെ ആയുസ്സ് വർദ്ധിക്കുന്നതിനും അല്ലാഹുവിൽനിന്ന് അനുഗ്രഹം പ്രാപിക്കുന്നതിനുംവേണ്ടി കുറ്റങ്ങളിൽനിന്ന് അകന്നുനില്ക്കുന്നവരായിത്തീരുക. സുഖഭോഗങ്ങളിൽ അതിരുവിട്ട് കഴിയുക എന്നത് ശപിക്കപ്പെട്ട ജീവിതമാണ്. അതിരുകടന്നുള്ള ദുസ്വഭാവവും നിർഭയത്വവും ശപിക്കപ്പെട്ട ജീവിതമാണ്. ദൈവത്തി

നോട് അല്ലെങ്കിൽ അവന്റെ ദാസരോട് സഹതാപം കാണിക്കുന്നതിൽ അതിരുവിട്ടുള്ള അശ്രദ്ധയും ശപിക്കപ്പെട്ട ജീവിതമാണ്.

ദൈവത്തോടുള്ള കടമകളെപ്പറ്റിയും മനുഷ്യരോടുള്ള കടമകളെപ്പറ്റിയും ഒരു ദരിദ്രനോടു ചോദിക്കുന്നതുപോലെ എല്ലാ ഓരോ ധനികനോടും ചോദിക്കുന്നതായിരിക്കും. എന്നല്ല, അതിനേക്കാൾ കൂടുതൽ! ഈ ഹ്രസ്വമായ ജീവിതത്തിൽ വിശ്വാസമർപ്പിച്ച് പൂർണ്ണമായും ദൈവത്തിൽനിന്ന് മുഖം തിരിക്കുന്നവൻ എത്രമാത്രം ദൗർഭാഗ്യനാണ്. ദൈവം നിഷിദ്ധമാക്കിയതിനെ ഒരു ഭയവുംകൂടാതെ അനുവദനീയമെന്നപോലെ ഉപയോഗിക്കുന്നു. കോപാവസ്ഥയിൽ ഭ്രാന്തന്മാരെപ്പോലെ ചിലരെ ചീത്തവിളിക്കാനും ചിലരെ പരിക്കേല്പിക്കാനും ചിലരെ കൊല്ലാനും മുതിരുന്നു. ഇന്ദ്രിയാശകളുടെ ആവേശത്തള്ളിച്ചയാൽ നാണംകെട്ട മാർഗ്ഗങ്ങളെല്ലാം പാരമ്യതയിലെത്തിക്കുന്നു. അവർ മരിക്കുന്നതുവരെ യഥാർത്ഥമായ ആനന്ദാവസ്ഥ പ്രാപിക്കുകയില്ല.

അല്ലയോ സഹൃദയരേ! നിങ്ങൾ അല്പകാലത്തേക്കാണ് ലോകത്ത് വന്നിട്ടുള്ളത്. അതും ഒരുപാട് കഴിഞ്ഞുപോയിരിക്കുന്നു. അതുകൊണ്ട് നിങ്ങളുടെ യജമാനനായ ദൈവത്തെ വെറുപ്പിക്കാതിരിക്കുക. നിങ്ങളെക്കാൾ ശക്തമായിരിക്കുന്ന മനുഷ്യനിർമ്മിതമായ ഒരു ഭരണകൂടത്തിന് നിങ്ങളോട് വെറുപ്പുണ്ടെങ്കിൽ അവർക്ക് നിങ്ങളെ നശിപ്പിക്കാൻ കഴിയും. അതിനാൽ നിങ്ങൾ ചിന്തിക്കുക! അല്ലാഹുവിന്റെ വെറുപ്പിൽനിന്ന് നിങ്ങൾക്കെങ്ങനെയാണ് രക്ഷപ്പെടാൻ സാധിക്കുക? അല്ലാഹുവിന്റെ കൺമുമ്പിൽ നിങ്ങൾ യഥാർത്ഥ ഭക്തരാണെങ്കിൽ ആർക്കും നിങ്ങളെ നശിപ്പിക്കാൻ കഴിയില്ല. അവൻ സ്വയം നിങ്ങളെ സംരക്ഷിക്കും. നിങ്ങളുടെ ജീവന്റെ പിന്നാലെ കൂടിയിരിക്കുന്ന ശത്രുവിന് നിങ്ങളെ അധീനപ്പെടുത്താൻ കഴിയില്ല. അങ്ങനെയല്ലെങ്കിൽ നിങ്ങളുടെ ജീവന് ഒരു സംരക്ഷകനുമില്ല. നിങ്ങൾ ശത്രുക്കളെ ഭയന്നോ അല്ലെങ്കിൽ വിപത്തുക

ളിൽ അകപ്പെട്ടോ ഗതിയില്ലാതെ ജീവിക്കുകയും നിങ്ങളുടെ ജീവിതത്തിന്റെ അവസാന നാളുകൾ വലിയ ദുഃഖത്തോടും ദ്വേഷത്തോടുംകൂടി കഴിഞ്ഞുപോകുകയും ചെയ്യും. തന്നോടൊപ്പം ചേരുന്നവർക്ക് അല്ലാഹു അഭയമായിത്തീരുന്നു. അതുകൊണ്ട് അല്ലാഹുവിലേക്ക് വരിക. അവനോടുള്ള എല്ലാ ഓരോ അനൈക്യവും ഉപേക്ഷിക്കുക. അവൻ നിർബന്ധമാക്കിയിട്ടുള്ള കാര്യങ്ങൾ ചെയ്യുന്നതിൽ മടികാണിക്കരുത്. അവന്റെ അടിയാന്മാരോട് നാവ്കൊണ്ടോ കൈകൊണ്ടോ അക്രമം ചെയ്യാതിരിക്കുകയും ദൈവത്തിൽ നിന്നുള്ള വിപത്തിനേയും കോപത്തിനേയും ഭയന്നുകൊണ്ടിരിക്കുകയും ചെയ്യുക. മോക്ഷത്തിന്റെ വഴി ഇതുതന്നെയാണ്.

ഇസ്ലാമിന്റെ ആലിംകളേ!

അല്ലയോ ഇസ്ലാമിന്റെ ഉലമാക്കളേ! എന്നെ നിഷേധിക്കുന്നതിൽ ധിറുതിപ്പെടാതിരിക്കുക. മനുഷ്യന് പെട്ടെന്ന് മനസ്സിലാക്കാൻ പറ്റാത്ത നിരവധി രഹസ്യങ്ങളുണ്ട്. കാര്യം കേട്ടുടനെ നിഷേധിക്കാൻ ഒരുങ്ങുന്നത്, ഇത് തഖ്വയുടെ- ഭയഭക്തിയുടെ മാർഗ്ഗമല്ല. നിങ്ങളിൽ ചില തെറ്റുകൾ ഇല്ലാതിരിക്കുകയും നിങ്ങൾ ചില ഹദീസുകൾക്ക് വിപരീതമായ അർത്ഥം മനസ്സിലാക്കാതിരിക്കുകയും ചെയ്തിരുന്നെങ്കിൽ 'നീതിമാനായ' വാഗ്ദത്ത മസീഹിന്റെ വരവുതന്നെ നിരർത്ഥകമാണ്. നിങ്ങളുടെ വിശ്വാസമനുസരിച്ച് മസീഹിബ്നുമർയം ആകാശത്തുനിന്ന് വന്നതുതന്നെ ഈ പ്രവൃത്തിക്കായിട്ടാണ്. അതായത്, മഹ്ദിയുമായി ചേർന്നുകൊണ്ട് ജനങ്ങളെ ബലാൽക്കാരമായി മുസ്ലിമാക്കാൻ യുദ്ധം ചെയ്യുക. ഇത് ഇസ്ലാമിന് ദുഷ്പ്പേരുണ്ടാക്കുന്ന ഒരു വിശ്വാസമാണ്. മതത്തിൽ ബലാൽക്കാരം പാടുണ്ടെന്ന് വിശുദ്ധഖുർആനിൽ എവിടെയാണ് എഴുതിയിട്ടുള്ളത്. എന്നാൽ, അല്ലാഹു ഖുർആനിൽ പറയുന്നു: لَا إِكْرَاهَ فِي الدِّينِ അതായത് മതത്തിൽ ഒരു ബലാൽക്കാരവും ഇല്ല. പിന്നെങ്ങനെയാണ് മസീഹിബ്നുമർയമിന് ബലാൽക്കാരം ചെയ്യാൻ അധികാരം കൊടുക്കപ്പെടുന്നത്?

മതത്തിൽ ബലാൽക്കാരം പാടില്ലെന്ന് മുഴുവൻ ഖുർആനും ആവർത്തിച്ചാവർത്തിച്ച് പറഞ്ഞുകൊണ്ടിരിക്കുന്നു. നബി(സ) തിരുമേനിയുടെ കാലത്ത് ഏതൊരുകൂട്ടരുമായിട്ടാണോ യുദ്ധം ചെയ്തിരുന്നത് ആ യുദ്ധങ്ങൾ മതത്തെ ബലാൽക്കാരപൂർവ്വം പ്രചരിപ്പിക്കാനായിരുന്നില്ലെന്ന് വ്യക്തമായ നിലയിൽ പ്രകടിപ്പിച്ചുകൊണ്ടിരുന്നു. പ്രത്യുത, യുദ്ധം ചെയ്തത്

1. ഒന്നുകിൽ ശിക്ഷ എന്ന നിലയിലായിരുന്നു. അതായത് വലിയൊരു വിഭാഗം മുസ്‌ലിംകളെ അറുകൊല ചെയ്യുകയോ ചിലരെ നാട്ടിൽനിന്ന് പുറത്താക്കുകയോ അങ്ങേയറ്റം അക്രമം പ്രവർത്തിക്കുകയോ ചെയ്തവർക്ക് ശിക്ഷ നല്കുകയായിരുന്നു അതിന്റെ ലക്ഷ്യം. എപ്രകാരമെന്നാൽ അല്ലാഹു പറയുന്നു. اُذِنَ لِلَّذِيْنَ يُقَاتَلُوْنَ بِاَنَّهُمْ ظُلِمُوْا وَاِنَّ اللّٰهَ عَلٰى نَصْرِهِمْ لَقَدِيْرُ

അതായത് അവിശ്വാസികൾ യുദ്ധം ചെയ്തുകൊണ്ടിരിക്കുന്ന ആ മുസ്‌ലിംകൾക്ക് അവർ മർദ്ദിതരായ കാരണത്താൽ തിരിച്ച് യുദ്ധം ചെയ്യുന്നതിന് അനുവാദം നല്കപ്പെട്ടിരിക്കുന്നു. അവരെ സഹായിക്കാൻ അല്ലാഹു ശക്തനാണ്. അല്ലെങ്കിൽ

2. പ്രതിരോധമെന്ന നിലയിലായിരുന്നു ആ യുദ്ധം ചെയ്തിരുന്നത്. അതായത്, ഇസ്‌ലാമിനെ ഉന്മൂലനം ചെയ്യുന്നതിനായി മുന്നിട്ടിറങ്ങുകയോ അല്ലെങ്കിൽ തങ്ങളുടെ നാട്ടിൽ ഇസ്‌ലാമിന്റെ പ്രചാരണം കരബലംകൊണ്ട് തടയുകയോ ചെയ്യുന്നവർക്കെതിരിൽ- അവരിൽനിന്ന് സംരക്ഷണം എന്ന നിലയിൽ യുദ്ധം ചെയ്തിരുന്നു. അതുമല്ലെങ്കിൽ

3. രാജ്യത്ത് സ്വാതന്ത്ര്യം സൃഷ്ടിക്കുന്നതിനായി യുദ്ധം ചെയ്തിരുന്നു. ഈ മൂന്നുവിധത്തിലല്ലാതെ നബി(സ) തിരുമേനിയോ അവിടത്തെ പരിശുദ്ധ ഖലീഫമാരോ യുദ്ധം ചെയ്തിരുന്നില്ല. എന്നല്ല, ഇസ്‌ലാം അന്യമതസ്ഥരുടെ അക്രമങ്ങൾ എത്രമാത്രമാണ് സഹിച്ചിരുന്നതെന്നാൽ, അതിനുള്ള ഉദാഹരണം മറ്റൊരു ജനതയിലും ലഭിക്കുകയില്ല. അപ്പോൾ വന്നുടനെതന്നെ ജനങ്ങളെ കൊന്നൊടുക്കാൻ നടക്കുന്ന ഈ ഈസാ

മസീഹും മഹ്ദി സാഹിബും എങ്ങനെയുള്ള ആളായിരിക്കും?

ഭരണകർത്താക്കളും മതാചാര്യന്മാരുടെ മക്കളും

അപ്രകാരംതന്നെ ഈ രാജ്യത്തെ ഭരണകർത്താക്കളും മതാചാര്യന്മാരുടെ മക്കളും ദീനിൽനിന്ന് ബന്ധം വിച്ഛേദിച്ച് തങ്ങളുടെ ആചാരസമ്പ്രദായങ്ങളിൽ രാപ്പകൽ മുഴുകയാണ്. എത്രത്തോളമെന്നാൽ അവർക്ക് ഇസ്‌ലാമിന് നേരിട്ടിരിക്കുന്ന പ്രയാസങ്ങളേയും വിപത്തുകളേയും കുറിച്ച് ഒന്നും അറിയില്ല. അവരുടെ മജ്‌ലിസുകളിൽ ചെന്നാൽ വിശുദ്ധഖുർആനിനും ഹദീസുഗ്രന്ഥങ്ങൾക്കും പകരം പലതരത്തിലുള്ള തമ്പുരുകളും കമ്പിവാദ്യങ്ങളും ചെറിയ മദ്ദളങ്ങളും ഖവ്വാലികളും തുടങ്ങി അനാചാരങ്ങളുടെ മാർഗ്ഗങ്ങളെല്ലാം കാണാവുന്നതാണ്. ഇങ്ങനെയൊക്കെയായിട്ടും മുസ്‌ലിംകളുടെ നേതാക്കളാണെന്ന വാദവും നബി(സ)യെ പിൻപറ്റുന്നവരാണെന്ന പൊങ്ങച്ചം പറച്ചിലും!

'താൻ ദൈവത്തെ സ്നേഹിക്കുന്നു'വെന്ന് ആർക്കും പറയാം. എന്നാൽ, ആരുടെ സ്നേഹമാണോ ദൈവികമായ സാക്ഷ്യത്താൽ സ്ഥാപിതമാകുന്നത് അവനാണ് ദൈവത്തെ സ്നേഹിക്കുന്നത്. തന്റെ മതമാണ് സത്യമെന്ന് ആർക്കും പറയാം. എന്നാൽ ആർക്കാണോ ഈ ലോകത്ത് പ്രകാശം ലഭിക്കുന്നത് അവന്റേതാണ് സത്യമതം. തനിക്കു മോക്ഷം കിട്ടുമെന്ന് ആർക്കും പറയാം. എന്നാൽ, ഈ ലോകത്ത് മോക്ഷത്തിന്റെ പ്രകാശങ്ങൾ കാണുന്നവനാണ് തന്റെ വാദത്തിൽ സത്യവാൻ.

ദീനിനെ സേവിക്കുക

സ്നേഹിതന്മാരേ! ഇത് മതത്തിനും മതത്തിന്റെ ലക്ഷ്യങ്ങൾക്കും വേണ്ടി സേവനം ചെയ്യേണ്ട കാലമാണ്. ഈ കാലത്തെ ഗനീമത്തായി (വലിയ കാര്യമായി) മനസ്സിലാക്കുക. പിന്നീടൊരിക്കലും ഇത് കൈയിൽ വരികയില്ല. മഹത്വപൂർണ്ണ

നായ നബി(സ)യുടെ അനുയായികളായിരുന്നിട്ട് നിരാശരാകുന്നതെന്തിന്? നിങ്ങളുടെ സത്യസന്ധതയും വിശ്വസ്തതയും കണ്ടിട്ട് ആകാശത്ത് മലക്കുകളും അത്ഭുതപ്പെടുകയും നിങ്ങളുടെമേൽ സമാധാനാശംസ നേരുകയും ചെയ്യുമാറ് നിങ്ങൾ നിങ്ങളുടെ മാതൃക കാണിക്കുക.

ഞാൻ അവസാനിപ്പിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. എന്റെ ഈ ഉപദേശങ്ങൾ നിങ്ങൾക്ക് ഫലപ്രദമായിത്തീരുമാറാകട്ടെ. ഭൂമിയിലെ നക്ഷത്രങ്ങളായിത്തീരത്തക്കവണ്ണം നിങ്ങളുടെ ഹൃദയങ്ങളിൽ മാറ്റമുണ്ടാകട്ടെ. നിങ്ങളുടെ രക്ഷിതാവിൽനിന്ന് നിങ്ങൾക്ക് ലഭിക്കുന്ന ആ പ്രകാശത്താൽ നിങ്ങൾ പ്രകാശിക്കുമാറാകട്ടെ. ആമിൻ സുമ്മ ആമിൻ.

ബയ്അത്തിന്റെ നിബന്ധനകൾ

1. ജീവാവസാനംവരെ സൃഷ്ടിപൂജ (ശിർക്ക്)യിൽനിന്ന് ദൂരപ്പെട്ടിരിക്കും.

2. കളവ്, വ്യഭിചാരം, ദുർനോട്ടം, ചതി, വഞ്ചന, പരദ്രോഹം, വിശ്വാസവഞ്ചന, സമാധാനഭംഗമുണ്ടാക്കൽ, രാജ്യദ്രോഹം തുടങ്ങിയ മാർഗ്ഗങ്ങളെതൊട്ടു സുരക്ഷിതനാകാൻ ശ്രമിക്കുന്നതും ശരീരേച്ഛകൾക്ക് അടിപ്പെട്ടുപോകാതിരിക്കുന്നതുമാകുന്നു.

3. അല്ലാഹുവിന്റേയും റസൂലിന്റേയും കല്പനകളനുസരിച്ച് അഞ്ചുനേരനമസ്ക്കാരം വീഴ്ച കൂടാതെ നിർവഹിക്കുന്നതും സാധ്യമാകുന്നേടത്തോളം തഹജ്ജുദ് നമസ്ക്കാരം അനുഷ്ഠിക്കുന്നതും തിരുനബിയുടെമേൽ സ്വലാത്ത് ചൊല്ലലും അല്ലാഹുവിനോട് പൊറുക്കലിനെ തേടലും 'ഇസ്തിഗ്ഫാർ' ചെയ്യലും തുടർന്നുകൊണ്ടിരിക്കുന്നതുമാകുന്നു. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ കുറിച്ച് എപ്പോഴും ആത്മാർത്ഥമായ സ്നേഹവായ്പോടെ സ്മരിച്ചുകൊണ്ടിരിക്കുകയും ദൈവസ്മരണയും സ്തോത്രവും നിത്യശീലമാക്കുകയും ചെയ്യുന്നതാണ്.

4. ശാരീരിക ദുരാവേശങ്ങൾക്കടിപ്പെട്ടു ആർക്കുംതന്നെ– ലോകത്തിനു പൊതുവെയും മുസ്ലിം സമുദായത്തിനു പ്രത്യേകിച്ചും– നാവുകൊണ്ടോ കൈകൊണ്ടോ മറ്റുപ്രകാരത്തിലോ അന്യായമായ യാതൊരു ക്ലേശവും ഉണ്ടാക്കുന്നതല്ല.

5. ദുഃഖത്തിലും സന്തോഷത്തിലും സുഖത്തിലും കഷ്ടപ്പാടിലും അനുഗ്രഹലബ്ധിയിലും ആപൽഘട്ടത്തിലും എല്ലാ അവസ്ഥകളിലും അല്ലാഹുവിനോട് കൂറുപുലർത്തുകയും ദൈവഹിതത്തിൽ സംതൃപ്തനായിരിക്കുകയും ചെയ്യും. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ എല്ലാതരത്തിലുള്ള മാനഹാനിയും ക്ലേശങ്ങളും വരിക്കുവാൻ സദാ തയ്യാറായിരിക്കും. വിപത്തുകൾ വരുമ്പോൾ മുഖം തിരിച്ചുകളയുന്നതിനുപകരം മുമ്പോട്ടു കാൽവെക്കുന്നതാണ്.

6. എല്ലാ തരത്തിലുള്ള ദുരാചാരങ്ങളിൽനിന്നും ദുരാഗ്രഹങ്ങളിൽനിന്നും സ്വയം ഒഴിഞ്ഞുമാറുകയും വിശുദ്ധഖുർആന്റെ ഭരണത്തിനു പൂർണ്ണമായ നിലയിൽ വിധേയനായിരിക്കുകയും ചെയ്യുന്നതും ***ഖാലല്ലാഹു*** (ദൈവപ്രോക്തം)വും ***ഖാലർറസൂ*** (നബിപ്രോക്തം)ലും എല്ലാ ചലനങ്ങളിലും കർമ്മധർമ്മങ്ങളായി സ്വീകരിക്കുന്നതുമാകുന്നു.

7. അഹംഭാവം, മിത്ഥ്യാഭിമാനം ഇവ പൂർണ്ണമായും ഉപേക്ഷിക്കുകയും വിനീതവും ലളിതവും സംസ്കാരസുരഭിലവും സുദരിദ്രവുമായ ജീവിതം നയിക്കുകയും ചെയ്യുന്നതാണ്.

8. മതത്തേയും മതത്തിന്റെ മാനത്തേയും ഇസ്ലാമിക സഹാനുഭൂതിയേയും സ്വന്തം ജീവനെക്കാളും മുതലിനേക്കാളും മാനത്തേക്കാളും എല്ലാ പ്രീതജനങ്ങളേക്കാളും കൂടുതൽ പ്രിയപ്പെട്ടതായി കണക്കാക്കുന്നതാണ്.

9. പൊതുവെ മനുഷ്യസമുദായത്തോടു സഹാനുഭാവം പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്നതും അല്ലാഹു നൽകിയ ശക്തികളും അനുഗ്രഹങ്ങളും മുഖേന ജീവാവസാനംവരെ മനുഷ്യകുലത്തിനു സേവനങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതുമാകുന്നു.

10. കുടുംബബന്ധങ്ങളിലോ ഭൗതികമായ ഇതരബന്ധങ്ങളിലോ സേവ്യസേവകഭാവങ്ങളിലോ കാണപ്പെടാത്ത തരത്തിലുള്ള സമുന്നതമായ ഒരു ദൃഢബന്ധം ഈ വിനീതനുമായി- (ഹസ്റത്ത് അഹ്മദുമായി) പുലർത്തുന്നതും അത് മരണംവരെ നിലനിർത്തിപ്പോരുന്നതുമാണ്.

മിർസാ ഗുലാം അഹ്മദ്

മനുഷ്യകുലത്തെ സന്മാർഗ്ഗത്തിലേക്ക് നയിക്കാൻവേണ്ടി സർവ്വേശ്വരൻ നിയോഗിച്ച മാർഗ്ഗദർശിയാണ് മിർസാ ഗുലാം അഹ്മദ്(അ). അദ്ദേഹം പറയുന്നു:

"സർവ്വശക്തനായ ഒരു ദൈവം ഉണ്ടെന്ന് ഇനിയും അറിഞ്ഞിട്ടില്ലാത്തവൻ എത്രമാത്രം നിർഭാഗ്യവാൻ! നമ്മുടെ സ്വർഗ്ഗം നമ്മുടെ ദൈവമത്രെ. നമ്മുടെ ഉന്നതമായ ആനന്ദാനുഭൂതികൾ നമ്മുടെ ദൈവത്തിലാകുന്നു. എന്തുകൊണ്ടെന്നാൽ ഞാൻ അവനെകണ്ടിരിക്കുന്നു. എല്ലാ സൗന്ദര്യങ്ങളും അവനിൽ കണ്ടെത്തിയിരിക്കുന്നു. ജീവൻ നഷ്ടപ്പെട്ടാലും സ്വന്തമാക്കേണ്ട സമ്പത്താണ് അവൻ. ജീവനും, സർവ്വസ്വവും നഷ്ടപ്പെട്ടാലേ ലഭ്യമാകൂ എന്നുവന്നാലും വിലകൊടുത്തു വാങ്ങേണ്ട രത്നമാകുന്നു അത്. അല്ലയോ ഹതഭാഗ്യരേ! ഇതാ ഈ നീർധാരയിലേക്ക് ഓടിയടുക്കുവിൻ. അത് നിങ്ങളെ വയറുനിറയെ കുടിപ്പിക്കും. നിങ്ങളെ രക്ഷിക്കുന്ന ജീവിതസ്രോതസ്സാണത്. ഞാൻ എന്തു ചെയ്യാനാണ്. ഈ സന്തോഷവർത്തമാനം ഹൃദയങ്ങളിൽ കുടിയിരുത്താൻ ഞാൻ എന്താണ് ചെയ്യേണ്ടത്. ഇതാ! നിങ്ങളുടെ ദൈവം എന്ന് ഏത് ചെണ്ടകൊട്ടിയാണ് ഞാൻ വിളംബരം ചെയ്യേണ്ടത്; ലോകർ കേൾക്കുമാറാകാൻ. ലോകരുടെ കാത് തുറപ്പിക്കാൻ ഏത് ഔഷധംകൊണ്ടാണ് ഞാൻ ചികിത്സിക്കേണ്ടത്."